NERVEEDHI
Volume - 14, Issue - 5, 10th May 2025, Monthly, Price ₹ 25, Published at Kottayam
വാല്യം - 14, ലക്കം - 5, മെയ് 2025 - പ്രതിമാസം - വില ₹ 25 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## പഴയതു കഴിഞ്ഞുപോയി

പേജ് 9

Editorial

# അക്ഷയ നിക്ഷേപം

കള്ളൻ തുരക്കുകയോ, പുഴു കെടുക്കുകയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ പഴകിപ്പോകാത്ത മടിശ്ശീലകളും തീർന്നു പോകാത്ത നിക്ഷേപവും നിങ്ങൾക്ക് ഉണ്ടാക്കിക്കൊൾവിൻ. നിങ്ങളുടെ നിക്ഷേപം ഉള്ളയിടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും. ഭൂമിയിൽ നാം സമ്പാദിക്കുന്നതൊക്കെയും നശ്വരവും വെള്ളത്തിലെ കുമിള പോലെ ക്ഷണികവുമാണ്. ലോകത്തിന്റെ ധനവും ജ്ഞാനവും മാനവും എല്ലാം മനുഷ്യൻ ഉത്തമമെന്നു വിലമതിക്കുന്നു. എന്നാൽ അതു ദൈവദൃഷ്ടിയിൽ അറപ്പുളവാക്കുന്നത് എന്ന് യേശു കർത്താവ് അരുളിച്ചെയ്തു. ഭൂമിയിൽ തനിക്കുണ്ടായിരുന്ന സകല നിക്ഷേപങ്ങളെയും പിമ്പിലെറിയുകയും, അതിനെ 'ചപ്പെന്നും ചവറെന്നും' പൗലോസ് വിശേഷിപ്പിക്കുകയും ചെയ്തു.

നമുക്കെന്താണോ ഉള്ളത് അതിൽ സംതൃപ്തിയോടു കൂടി ജീവിക്കുവാൻ കഴിയുന്നത് അതിൽത്തന്നെ ഒരു വലിയ ധനമാകുന്നു. ഐഹികസമ്പത്ത് ഇവിടെ നിന്ന് കൊണ്ടുപോകുവാൻ ആർക്കും കഴിയാതിരിക്കുമ്പോൾ, ദൈവഭക്തി എന്നത് മരണാനന്തര ലോകത്തിലും തുടരുന്ന ഒരു അമൂല്യ സമ്പത്താണ്.

ഇവിടെ നാം കാണുന്നതും അനുഭവിക്കുന്നതുമായ സകല സമ്പത്തും ക്ഷണികവും താൽക്കാലികവുമാണ്. നഗ്നനേത്രങ്ങളാൽ കാണുവാൻ കഴിയാത്തതെങ്കിലും ദൈവഭക്തിയും ക്രിസ്തുവിന്റെ ദിവ്യസ്വഭാവവും, ക്രിസ്തു വസിക്കുന്നവരുടെ ഇടപെടലുകളിലൂടെ ഫലങ്ങളായി നമുക്ക് തിരിച്ചറിയുവാൻ കഴിയുന്നതും, എന്നേക്കും നിലനിൽക്കുന്നതുമാണ്. അനുദിനവും വില കുതിച്ചുയരുന്ന സ്വർണ്ണം വാങ്ങിക്കൂട്ടുവാൻ ത്വര കാണിക്കുന്ന മനുഷ്യന്, ഏതെങ്കിലും കാരണവശാൽ സ്വർണ്ണം വിലയില്ലാത്തതായി മാറിയാൽ ആ സമ്പാദ്യം എങ്ങനെ പ്രയോജനപ്പെടും? അവന്റെ ദു:ഖം അധികരിക്കും എന്നല്ലാതെ എന്തു നേട്ടം?

വീട്, വാഹനം, ഉപജീവനമാർഗ്ഗങ്ങൾ എന്നിത്യാദി കാര്യങ്ങളുടെ, ഉള്ള അവസ്ഥയിൽത്തന്നെ സംതൃപ്തി പ്രാപിക്കുവാൻ ദൈവഭക്തർക്കു മാത്രമേ കഴിയൂ. ആ സംതൃപ്തി നിലനിൽക്കുന്ന ഒരു ഉത്തമസമ്പത്താണ്. അവർ ജീവിതത്തിൽ അങ്ങേയറ്റം സന്തുഷ്ടരായിരിക്കും. ഇതാണ് ഈ ലക്കത്തിലെ സന്ദേശത്തിന്റെ പ്രധാന പ്രമേയം. മറ്റെല്ലാ ലേഖനങ്ങളും നിത്യതയിലേക്കു വിരൽ ചൂണ്ടിക്കൊണ്ട്, സകലത്തെയും സർവ്വിധത്തിലും സമ്പൂർണ്ണമാക്കുന്ന ക്രിസ്തുവിന്റെ ശരീരം ആകുന്ന സഭയിൽ വസിച്ചു കൊണ്ട്, തന്റെ നിറവിനോളം നിറഞ്ഞു വരുവാൻ സഹായകമാണ്. ആർക്കും പ്രവർത്തിച്ചു കൂടാത്ത രാത്രി വരുന്നത് കൊണ്ട് പകലുള്ളിടത്തോളം ദൈവഹിതം നിവൃത്തിയാക്കുന്നതിൽ ഉത്സുകരായി മുന്നേറുവാൻ ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഈ ലക്കം മാസിക പ്രിയ വായനക്കാർ സമക്ഷം സമർപ്പിച്ചു കൊള്ളുന്നു. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

പുസ്തകം 14 ലക്കം 5
മെയ് 2025

# ഈ ലക്കത്തിൽ

**യഥാർത്ഥ ദൈവഭക്തി വലിയ ധനം** 4
ജോയ് എം. തോമസ്

**പ്രാർത്ഥിക്കുന്നതിലെ സന്തുഷ്ടി** 7
സാജു മാത്യു

**പഴയതു കഴിഞ്ഞു പോയി** 9
ചെയ്സ് ജോസഫ്

**ക്ഷമിക്കാൻ കൂട്ടാക്കാഞ്ഞാൽ...** 11
ജോർജ് മാത്യു, പുതുപ്പള്ളി

**ന്യായവിധി എന്ന വാൾ** 13
ഡേവിഡ് വിൽക്കേഴ്സൺ

**വാർത്താവീഥി** 15

**കൗൺസലിംഗ് വീഥി** 16
അനു ഗ്രേസ് ചാക്കോ

**പോട്ടെ, സാരമില്ല!** 18
ഡോ. സിനി ജോയ്സ് മാത്യു

**വൃദ്ധരുടെ ആശ്വാസം** 21
ചാൾസ് സ്പർജൻ

**വനിതാ വീഥി** 24
സുജ വിനു

**വേദ അധ്യയനം** 26
ജോയ് എം. തോമസ്

**സമാപ്തിക്കുറിപ്പ്** 31
എംസി

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos



ജോയ് എം തോമസ്

# യഥാർത്ഥ ദൈവഭക്തി വലിയ ധനം

ഏറ്റവും അധികം വിലമതിക്കപ്പെടേണ്ടതാണ് ദൈവഭക്തി. ദൈവഭക്തിയെക്കുറിച്ച് നമ്മിൽ എത്രപേർ ഗൗരവമായി ചിന്തിക്കുന്നുണ്ട്? ദൈവഭക്തരായി ജീവിക്കുന്നതിന് ഏറെ വെല്ലുവിളികൾ നേരിടേണ്ടതുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ ദൈവഭക്തരായി ജീവിക്കാനുള്ള ദൃഢനിശ്ചയവും ദൈവാശ്രയവും ഉണ്ടെങ്കിൽ എല്ലാ വെല്ലുവിളികളെയും അതിജീവിക്കുവാനുള്ള ദൈവകൃപ ദൈവം നമുക്ക് നൽകും എന്നത് ഉറപ്പാണ്.

'യഹോവേ രക്ഷിക്കേണമേ ഭക്തന്മാർ ഇല്ലാതെ പോകുന്നു, വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു' എന്ന് ദൈവഭക്തനായ ദാവീദ് നിലവിളിച്ചു. അതേ നിലവിളി ഇന്ന് യഥാർത്ഥ ഭക്തരിൽ നിന്നും ഉയരുന്നുണ്ട്. ഭക്തിയും വിശ്വസ്തതയും ഒരുമിച്ച് പോകുന്നവയാണ്. ദൈവത്തോടുള്ള സമർപ്പണവും അനുസരണവും സ്നേഹവും ദൈവത്തിലുള്ള വിശ്വാസവും ആശ്രയവും എല്ലാം ഭക്തിയിൽ അടങ്ങിയിട്ടുണ്ട്. അത് എല്ലാറ്റിനും എല്ലാവർക്കും മേലായി ദൈവത്തെ ബഹുമാനിക്കുന്നതാണ്. അപ്രകാരം ഭക്തിയുള്ളവർ എല്ലാറ്റിലും എപ്പോഴും ദൈവത്തോടും മനുഷ്യരോടും വിശ്വസ്തരായിരിക്കും.

വിശ്വസ്തർ കുറയുന്നത് ആത്മീകതയുടെ തകർച്ചയ്ക്ക് കാരണമാകും. സമൂഹം ഇരുളടഞ്ഞതായി അധ:പതിക്കും, വിശ്വസ്തന്മാർ കുറയുമ്പോൾ അനീതിയും വഞ്ചനയും വർദ്ധിക്കും. പരസ്പരവിശ്വാസം കുറയുകയും അരക്ഷിതാവസ്ഥ വർദ്ധിക്കുകയും ചെയ്യും. സ്നേഹം തണുത്തു പോകും. അങ്ങനെ സംഭവിക്കുന്നതാണ് ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് നാം ദൈവത്തോട് നിലവിളിച്ചേ മതിയാവൂ. ഭക്തരെ ദൈവം എഴുന്നേൽപ്പിക്കട്ടെ. വിശ്വസ്തർ വർദ്ധിച്ച് വരട്ടെ.

ദൈവഭക്തർ വിശ്വസ്തരായിരിക്കും എന്നതുപോലെ താഴ്മയുള്ളവരും ആയിരിക്കും. 'താഴ്മയ്ക്കും യഹോവഭക്തിക്കും ഉള്ള പ്രതിഫലം ധനവും മാനവും ജീവനും ആകുന്നു'(സദൃശ്യം 22:4) എന്നു ജ്ഞാനിയായ ശലോമോൻ കുറിച്ചിരിക്കുന്നു. താഴ്മ വളരെ പ്രധാനപ്പെട്ട സ്വഭാവഗുണമാണ്. താഴ്മയുടെ എതിർസ്വഭാവം നിഗളം അഥവാ

അഹങ്കാരം ആണ്. 'ദൈവം നിഗളികളോട് എതിർത്ത് നിൽക്കുകയും താഴ്മയുള്ളവർക്ക് കൃപ നൽകുകയും ചെയ്യുന്നു'(യാക്കോബ് 4:6) എന്നുള്ളത് നാം ബോധപൂർവ്വം ഓർക്കേണ്ടതാണ്. ദൈവകൃപ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നവരെല്ലാം തന്നെത്താൻ താഴ്ത്തുന്ന സ്വഭാവം വളർത്തിയെടുക്കണം. ദൈവത്തോടുള്ള ഭക്തിയുടെ മറുവശമായി താഴ്മയെ നമുക്ക് മനസ്സിലാക്കാം. യഥാർത്ഥ ദൈവഭക്തരോട് ഇടപെടുമ്പോൾ നമ്മെ ആകർഷിക്കുന്നത് അവരുടെ താഴ്മ ആയിരിക്കും. അഹങ്കാരത്തോടെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ദൈവഭക്തരാണോ എന്ന് സംശയിക്കണം.

താഴ്മ ഉള്ളിൽ നിന്നും വരേണ്ടതാണ്. താഴ്മ മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കാണുന്നതാണ്. അതുകൊണ്ട് മുഖപക്ഷം ഉണ്ടായിരിക്കുകയില്ല. ഭാഷ, നിറം, ജാതി, സാമ്പത്തിക നിലവാരം, വിദ്യാഭ്യാസം, ഔദ്യോഗിക നിലവാരം ഇതൊന്നും നോക്കാതെ, അപരൻ ആരായാലും അവരെ ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന മനോഭാവമാണ് താഴ്മ. വാസ്തവത്തിൽ താഴ്മ യഹോവഭക്തന്റെ സൗന്ദര്യമാണ്. ഇപ്രകാരമുള്ള താഴ്മ നമ്മിൽ ഉണ്ടോ എന്ന് നാം പരിശോധിക്കുക.

ദൈവഭക്തിയുടെ മറ്റൊരു പ്രത്യേകത അത് പാപത്തെ വെറുക്കുന്നു എന്നതാണ്. 'യഹോവ ഭക്തി ദോഷത്തെ വെറുക്കുന്നതാകുന്നു'(സദൃശ്യം 8:13). അതെ, ദൈവത്തെ എല്ലാറ്റിനും മേലായി ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരുവന് ദോഷത്തെ വെറുക്കാതിരിക്കാൻ കഴിയുമോ? അതുകൊണ്ട് ദൈവഭക്തി വിശുദ്ധജീവിതത്തിന്റെ അടിത്തറയാണ്. യഹോവ ഭക്തികൊണ്ട് മനുഷ്യർ ദോഷത്തെ വിട്ടകലുന്നു (സദൃശ്യം 16:6) എന്നുള്ളത് ഒരു വലിയ യാഥാർത്ഥ്യമാണ്. ദോഷത്തെ വെറുക്കുവാനുള്ള ശക്തി ദൈവഭക്തിയിൽ ഉണ്ട്. ദോഷത്തെ വെറുക്കുന്നവർക്ക് മാത്രമേ പാപത്തെ വിട്ടകലുവാൻ കഴിയുകയുള്ളൂ.

യഥാർത്ഥ ജ്ഞാനത്തിന്റെ ചാനൽ അഥവാ മാധ്യമം ദൈവഭക്തിയാണ്. യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭം ആകുന്നു (സദൃശ്യം 1:7, സങ്കീർത്തനം 111 :11). ദൈവഭക്തരുടെ പ്രത്യേകത അവർ ജ്ഞാനികൾ ആയിരിക്കും എന്നതാണ്. 'ആകയാൽ സൂക്ഷ്മതയോടെ അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ, ഇത് ദുഷ്ക്കാലമാകയാൽ സമയം തക്കത്തിലുപയോഗിച്ചു കൊൾവിൻ. ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചു കൊൾവിൻ' (എഫെസ്യർ 5:15-17 ) എന്നു തിരുവചനം പ്രബോധിപ്പിക്കുന്നു. ജീവിതസാഹചര്യങ്ങളെ വിവേകത്തോടെ അഭിമുഖീകരിക്കുവാനും, ഇടറി ക്ഷീണിച്ചു പോകാതെ ദൈവേഷ്ടം തിരിച്ചറിഞ്ഞ് തീരുമാനങ്ങൾ എടുക്കുവാനും പ്രവർത്തിക്കുവാനും ഉള്ള ജ്ഞാനം ഭക്തർക്ക് ദൈവം നൽകുന്നു. ദൈവത്തെ അറിയുന്നു, അതിനാൽ ദൈവേഷ്ടം അറിയുന്നു എന്നതാണ് യഥാർത്ഥ ജ്ഞാനം.

ദൈവഭക്തി സുരക്ഷയുടെ ഉറവിടം കൂടിയാണ്. 'യഹോവയുടെ ദൃഷ്ടി തന്റെ ഭക്തന്മാരുടെ മേലും തന്റെ ദയയ്ക്കായി പ്രത്യാശിക്കുന്നവരുടെ മേലും ഇരിക്കുന്നു. അവരുടെ പ്രാണനെ മരണത്തിൽ നിന്നും വിടുവിക്കാനും ക്ഷാമത്തിൽ അവരെ ജീവനോടെ രക്ഷിക്കുവാനും തന്നെ' (സങ്കീർത്തനം 33:18,19). ദൈവം തന്റെ ദൃഷ്ടി നമ്മുടെ മേൽ വയ്ക്കുക എന്നത് മഹാഭാഗ്യം അല്ലേ? 'ഞാൻ നിന്നെ ഉപദേശിച്ചു നടക്കേണ്ട വഴി നിനക്ക് കാണിച്ചുതരും, ഞാൻ നിന്റെ മേൽ ദൃഷ്ടി വെച്ച് നിനക്ക് ആലോചന പറഞ്ഞുതരും' (സങ്കീർത്തനം 32: 8) എന്ന വചനം ഇതോടൊപ്പം നമുക്ക് ചേർത്തുവായിക്കാം. ദൈവത്തിന്റെ സംരക്ഷണവും ദൈവീക നടത്തിപ്പും ദൈവഭക്തന്മാർക്ക് ലഭിക്കും. തൽഫലമായി സമാധാനവും സുരക്ഷിതത്വബോധവും അവർക്ക് അനുഭവിക്കാൻ കഴിയുന്നു. ഈ അനിശ്ചിതത്വം നിറഞ്ഞ ലോകത്തിൽ ഉൽക്കണ്ഠകളാലും ആശങ്കകളാലും മാനസിക സമ്മർദ്ദം അനുഭവിച്ച് അനേകർ വലയുമ്പോൾ സമാധാനവും സുരക്ഷിതത്വവും അനുഭവിക്കുവാൻ കഴിയുന്നത് എത്ര വലിയ ഭാഗ്യമാണ്. 'യഹോവഭക്തനായ പുരുഷൻ ആര്? അവൻ തെരഞ്ഞെടുക്കേണ്ട വഴി ഞാൻ അവന് കാണിച്ചുകൊടുക്കും' എന്നാണ് കർത്താവ് തന്റെ മക്കൾക്ക് നൽകുന്ന ഉറപ്പേറിയ വാഗ്ദത്തം.

ദൈവഭക്തിയുടെ വലിയ അനുഗ്രഹം ശക്തനായ ദൈവം തന്റെ ഭക്തന്മാരെ അവിടുത്തെ സ്നേഹിതന്മാരായി സ്വീകരിക്കുന്നു എന്നതാണ്. യഹോവയുടെ സഖിത്വം അവന്റെ ഭക്തന്മാർക്ക് ഉണ്ടാകും (സങ്കീർത്തനങ്ങൾ 25 :14) എന്ന് ഭക്തനായ ദാവീദ് തന്റെ അനുഭവത്തിൽ നിന്നും പറഞ്ഞിരിക്കുന്നു. ദൈവവുമായുള്ള സഖിത്വം എത്ര ആനന്ദകരമായ അനുഭവമാണ്. സർവ്വശക്തനായ

ദൈവം ഏറ്റവും താണ്, ഒരു സ്നേഹിതനെ പോലെ നമുക്ക് അവിടുത്തെ അനുഭവിക്കുവാൻ കഴിയേണ്ടതിന് നമ്മുടെ അടുക്കലേക്ക് വരുന്നു, നമ്മോട് കൂടെ നടക്കുന്നു, നമ്മോടു വളരെ ഹൃദ്യമായി സംസാരിക്കുന്നു, നമ്മെ സഹിഷ്ണുതയോടും ശ്രദ്ധയോടും കൂടെ കേൾക്കുന്നു, 'ഞാൻ നിന്നോട് കൂടെയുണ്ട്' എന്ന് പറഞ്ഞ് ധൈര്യപ്പെടുത്തുന്നു, അതെ, അവിടുന്ന് ഏറ്റവും നല്ല സഖി ആയിരിക്കും.

'എന്നെ ആരും മനസ്സിലാക്കുന്നില്ല, എന്നെ കേൾക്കാൻ ആരുമില്ല' എന്ന പരിഭവമാണ് മിക്കവരിലും ഉള്ളത്. ഹൃദയത്തിൽ സങ്കടം നിറഞ്ഞ്, മനസ്സ് കലുഷിതമാകുമ്പോൾ, ഹൃദയം പങ്കുവെക്കുവാൻ തക്കതായ ഒരാൾ ഉണ്ടെങ്കിൽ എന്ന് ആഗ്രഹിക്കുന്നത് സ്വാഭാവികമാണ്. യഹോവയുടെ സഖിത്വം അനുഭവിക്കുന്നവർ ഉത്തമനായ, വിശ്വസ്തനായ ഒരു സ്നേഹിതനെ കണ്ടെത്തിയിരിക്കുന്നു. അവർക്ക് അവരുടെ ഹൃദയം അപ്പോഴപ്പോൾ പകരുവാൻ കഴിയും. നല്ല സഖിയായ ക്രിസ്തുവിന്റെ സ്നേഹത്തിൽ വസിക്കുവാൻ അവർക്ക് ഭാഗ്യം ലഭിച്ചിരിക്കുന്നു.

യഥാർത്ഥ ദൈവഭക്തി എന്താണെന്നും അതിന്റെ അനുഗ്രഹം എന്താണെന്നും മനസ്സിലാക്കുവാനാണ് അല്പകാര്യങ്ങൾ മുകളിൽ കുറിച്ചത്. ദൈവഭക്തിയെക്കുറിച്ച് ഇനിയും അനേക കാര്യങ്ങൾ തിരുവചനത്തിൽ വിവരിച്ചിട്ടുണ്ട്. യഥാർത്ഥ ദൈവഭക്തർക്ക് അവരുടെ ദൈവഭക്തി വലിയ ഒരു ധനമാണ്. അപ്പോസ്തലനായ പൗലോസ് തിമോഥെയോസിനെഴുതി: 'അലംഭാവത്തോടു അഥവാ സംതൃപ്തിയോടുകൂടിയ ദൈവഭക്തി വലുതായ നേട്ടം ആകുന്നു താനും' (1 തിമോഥെയോസ് 6: 6). മറ്റൊരു തർജ്ജമ ഇങ്ങനെയാണ്. 'എന്നാൽ സംതൃപ്തിയോടുകൂടിയ യഥാർത്ഥ ദൈവഭക്തി അതിൽ തന്നെ വലിയ ധനം ആകുന്നു'. (Yet true godliness with contentment itself is great wealth).

ദൈവഭക്തർക്ക് വലിയ സംതൃപ്തി ഉണ്ടാകും. അതുകൊണ്ടുതന്നെ അവർ നിരാശരല്ല. പ്രത്യുത സന്തോഷവാന്മാരാണ്. ഏത് സമയത്തും സ്വന്ത വീട്ടിലേക്ക്, സ്വർഗീയപിതാവിന്റെ അടുക്കൽ പോകുവാൻ ഒരുങ്ങിയിരിക്കുകയാണ് അവർ. ആത്മീയമായി അവർ സമ്പന്നരാണ്. യഥാർത്ഥമായും ദൈവഭക്തരാണോ എന്ന് നമുക്ക് നമ്മെത്തന്നെ ശോധന ചെയ്യാം. •

# ദൈവഭയം ആത്മികതയുടെ ആദ്യാക്ഷരം

ക്രിസ്തീയജീവിതത്തിന്റെ പ്രാഥമിക പാഠമാണ് ദൈവഭയം. പാപം ചെയ്താൽ ദൈവം വേദനിക്കുമല്ലോ എന്ന് സ്നേഹത്തിലൂന്നിയുള്ള ഭയമാണ് ദൈവഭയം. അക്ഷരം പഠിക്കാത്തവരെ ഭൂമിശാസ്ത്രവും ചരിത്രവും ഒക്കെ പഠിപ്പിക്കുന്നതു പോലെയാണ് ദൈവഭയമില്ലാത്തവരെ വചനം പഠിപ്പിക്കുവാൻ ശ്രമിക്കുന്നത്. സങ്കീർത്തനം 34:11 ൽ ദാവീദ് പറയുന്നു: 'മക്കളേ വന്ന് എനിക്കു ചെവി തരുവീൻ. യഹോവയോടുള്ള ഭക്തിയെ ഞാൻ ഉപദേശിച്ചു തരാം'. മറ്റുള്ളവരെ ദൈവത്തെ ഭയപ്പെടാൻ പഠിപ്പിക്കുന്നത് എളുപ്പമുള്ള കാര്യമല്ല. മറ്റുള്ളവർക്കു ദൈവഭക്തിയെ ഉപദേശിക്കണമെങ്കിൽ ആദ്യം നാം തന്നെ ദൈവത്തെ ഭയപ്പെടണം. ദൈവഭയം ആണ് ജ്ഞാനത്തിന്റെ ആരംഭം. ബൈബിൾ പണ്ഡിതനായ ഒരാളെക്കാൾ വളരെയധികം കാര്യങ്ങൾ ദൈവഭയമുള്ള ഒരുവനു മറ്റുള്ളവരെ പഠിപ്പിക്കാൻ കഴിയും. ദൈവത്തെ ഭയമില്ലാത്ത ഒരാൾക്ക് അറിവു മാത്രമേ പകരാൻ കഴിയൂ. ജ്ഞാനം പകരാൻ കഴിയില്ല. 1 കൊരിന്ത്യർ 8:1 ൽ പറയുമ്പോലെ അറിവ് ഒരു വ്യക്തിയെ നിഗളിയാക്കുന്നു. എന്നാൽ ദൈവഭക്തി, ദൈനംദിന ജീവിതത്തിൽ ലോകത്തെയും പാപത്തെയും പ്രലോഭനങ്ങളെയും മോഹങ്ങളെയും യേശുക്രിസ്തുവിലൂടെ ജയിച്ച് ജയാളിയാകുവാൻ ഒരുവനെ പക്വമതിയാക്കുന്നു. ദൈവഭക്തർക്കും വിശ്വസ്തരായവർക്കും മാത്രമേ യേശുക്രിസ്തുവിന്റെ സഭയെ പണിയുവാൻ കഴിയൂ. ദൈവത്തെ ഭയപ്പെടുവാൻ പഠിച്ചില്ലെങ്കിൽ മറ്റെന്തെല്ലാം പഠിച്ചാലും അവർ പരാജയപ്പെട്ടിരിക്കുന്നു. ആദ്യാക്ഷരങ്ങൾ പഠിക്കുന്നതു പോലെയാണ് ദൈവഭയം അഭ്യസിക്കുന്നത്. നാം തന്നെ ദൈവത്തെ ഭയപ്പെടുന്നില്ലെങ്കിൽ മറ്റുള്ളവരെ എങ്ങനെ ദൈവഭക്തിയുള്ളവരാക്കുവാൻ കഴിയും എന്ന ചിന്ത നമ്മെ ഭരിക്കട്ടെ.



സാജു മാത്യു

# പ്രാർത്ഥിക്കുന്നതിലെ സന്തുഷ്ടി

“**ദൈ**വമോ, രാപ്പകൽ തന്നോടു നിലവിളിക്കുന്ന തന്റെ വൃതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ... (ലൂക്കോസ് 18:7). നിങ്ങൾ പ്രാർത്ഥിക്കേണ്ടത് ഒരു അത്യാവശ്യകാര്യമാണോ എന്ന ചോദ്യത്തിന് പലരും പല ഉത്തരങ്ങളാണു നൽകിയത്. “ഞാൻ എന്തിനു പ്രാർത്ഥിക്കണം?” ദൈവം ഉണ്ടോ ഇല്ലയോ എന്നു ബോധ്യമില്ലാത്ത ഒരു വ്യക്തി പറഞ്ഞു. “എന്റെ പ്രാർഥന കേൾക്കാൻ ഉയരത്തിൽ ഒരു ദൈവമുണ്ടോ? ആർക്കറിയാം? ഉണ്ടെങ്കിൽത്തന്നെ ആ ദൈവത്തെ എനിക്കു പരിചയമില്ല. പരിചയമില്ലാത്ത ആളോട് പ്രാർത്ഥിച്ചിട്ടെന്തുകാര്യം? വെറുതെ സമയം കളയാൻ എന്നെക്കിട്ടില്ല!”

“ദൈവമുണ്ടെന്നൊക്കെ എനിക്കറിയാം. എന്നാൽ എന്റെ കാര്യം ഞാൻ നോക്കിയേ പറ്റൂ...” സ്വയാശ്രയിയായ അടുത്തയാൾ പറഞ്ഞു. “നമ്മുടെ കാര്യങ്ങൾ നമ്മൾ നോക്കണമെന്നാണ് ദൈവവും ആഗ്രഹിക്കുന്നത്. ‘ദൈവമേ സഹായിക്കണേ’ എന്നൊക്കെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന നേരത്ത് ഫലപ്രദമായി വല്ലതും ചെയ്യാൻ നോക്ക്... ഒരു കാര്യം നാം മനസ്സിലാക്കണം. അധ്വാനിക്കുന്നവർക്ക് തീർച്ചയായും ഫലം കിട്ടാതെ വരികയില്ല''. മൂന്നാമത്തെയാൾ പറഞ്ഞു ''ഞാൻ നിങ്ങളെപ്പോലെയല്ല. ഞാനൊരു ദൈവപൈതലാണ്! ദൈവമാണ് എന്റെ എല്ലാ കാര്യങ്ങളും നോക്കുന്നത്. പിന്നെ പ്രാർത്ഥിക്കണമോ എന്നു ചോദിച്ചാൽ... എന്റെ സകല ആവശ്യങ്ങളും ഞാൻ പ്രാർത്ഥിച്ചില്ലെങ്കിലും ദൈവത്തിനറിയാം. അത് ദൈവം നിർവ്വഹിച്ചു തരും. അതുകൊണ്ട് പ്രാർത്ഥിച്ചില്ലെങ്കിലും പ്രത്യേകിച്ചൊന്നും സംഭവിക്കാൻ പോകുന്നില്ല!

അവർക്കൊരു സുഹൃത്തുണ്ടായിരുന്നു. അയാൾ രോഗബാധിനായി ആശുപത്രിയിൽ മരണക്കിടക്കയിലായിരുന്നു. പ്രാർത്ഥനയെപ്പറ്റി അയാളോടു ചോദിക്കാൻ അവർ തിരുമാനിച്ചു... “എങ്ങനെയുണ്ട്?” ചോദ്യങ്ങൾ ചോദിക്കുന്നതിനുമമ്പ് അവർ കുശലം ചോദിച്ചു “ഞാൻ വളരെ സന്തുഷ്ടനാണ്...” കിടക്കയിൽ കിടന്ന് അദ്ദേഹം പറഞ്ഞു. ''കാരണം, എനിക്ക് പ്രാർത്ഥിക്കാൻ കഴിയുന്നുണ്ട്!''നോക്കൂ, മരണത്തിലേക്കു കൂപ്പുകുത്തുന്ന മനുഷ്യൻ തന്റെ സന്തുഷടിയുടെ കാരണമായി പറയുന്നത് തനിക്ക് പ്രാർത്ഥിക്കാൻ കഴിയുന്നുണ്ട് എന്നതാണ്! അതായത് പ്രാർത്ഥിക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിൽ അയാൾ നിരാശയിൽ മുങ്ങിപ്പോയേനെ!

പ്രാർത്ഥിക്കാൻ കഴിയുന്നതുകൊണ്ടുമാത്രം എന്തു സന്തുഷ്ടി ഉണ്ടാകാനാണ്? പ്രാർത്ഥനയ്ക്ക് ഉത്തരം കിട്ടുകയല്ലേ ആവശ്യം എന്ന് ചിലർക്കെങ്കിലും തോന്നിയേക്കാം. അതിന് കാരണമുണ്ട്: ***നമ്മിൽ പലരും ചിന്തിക്കുന്നത്, നമ്മുടെ നിസ്സഹായ അവസ്ഥയിൽ നാം സഹായത്തിനായി ദൈവത്തോടു നിലവിളിക്കുന്നതു മാത്രമാണ് പ്രാർത്ഥന എന്നാണ്! എന്നാൽ പ്രാർത്ഥന അശരണരുടെ ദീനവിലാപം മാത്രമല്ല, സർവ്വേശ്വരനുമായുള്ള നിരന്തര സമ്പർക്കവുമാണ്!*** അതുകൊണ്ടാണ്

മരണാസന്നനായിക്കിടക്കുന്ന മനുഷ്യൻ "ഞാൻ പ്രാർത്ഥിക്കുന്നുണ്ട്, സർവ്വേശ്വരനായ എന്റെ പിതാവുമായി ഞാൻ നിരന്തരസമ്പർക്കത്തിലാണ്, അതിനാൽ ഈ മരണക്കിടക്കയിലും ഞാൻ സന്തുഷ്ടനാണ്" എന്നു പറയുന്നത്!

നമ്മുടെ വേദഭാഗത്ത് യേശുകർത്താവ് ഒരു ഉപമ പ്രസ്താവിക്കുന്നു... എന്തിനാണീ ഉപമ? "മടുത്തുപോകാതെ എപ്പോഴും പ്രാർഥിക്കേണം" എന്നതിനാണ് ഈ ഉപമ! (ലൂക്കോസ് 18:1). ''എപ്പോഴും പ്രാർത്ഥിക്കുക'' (pray always) എന്നത് അത്ര ചെറിയ കാര്യമാണോ? ഒരിക്കലുമല്ല! ''എപ്പോഴും'' പ്രാർഥിക്കുന്നത് പോയിട്ട് "വല്ലപ്പോഴും" പ്രാർത്ഥിക്കുന്നതു തന്നെ എത്ര ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് 'ചിലപ്പോൾ' മാത്രമല്ല മിക്കപ്പോഴും നാമൊക്കെ തിരിച്ചറിഞ്ഞിട്ടുണ്ട്!

നമ്മുടെയൊക്കെ സഭകളിൽ പലപ്പോഴും 'ഉണർവു പ്രസംഗകർ വന്ന് കൂടുതൽ സമയം പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത നമ്മെ ഓർപ്പിക്കുകയും കുടുതൽ സമയംപ്രാർത്ഥിക്കാൻ നാം നമ്മെത്തന്നെ സമർപ്പിക്കുകയും ഒക്കെ ചെയ്തിട്ടുണ്ടാവാം. ഗത്സമനെയിൽ ഉറങ്ങുന്ന ശിഷ്യന്മാരെക്കണ്ട് യേശു പത്രോസിനോട് "എന്നോടുകൂടെ ഒരു നാഴികപോലും ഉണർന്നിരിപ്പാൻ നിങ്ങൾക്കു കഴിഞ്ഞില്ലയോ" എന്ന ചോദ്യം വായിച്ച് ഒരു നാഴിക (1 മണിക്കുർ) (മത്തായി26:40)പ്രാർത്ഥിക്കാൻ ഉണർവു പ്രസംഗകൻ ആഹ്വാനം ചെയ്തപ്പോൾ തീരുമാനമെടുത്തവർ, പ്രാർഥിച്ചുതുടങ്ങി. 1മണിക്കൂർ എപ്പോഴേ കഴിഞ്ഞുകാണണം എന്നുവെച്ചു, വാച്ചു നോക്കുമ്പോൾ മുപ്പതു മിനിറ്റു പോലുമായിട്ടില്ലെന്ന തിരിച്ചറിവുണ്ടായി. പിന്നെ പ്രാർത്ഥിക്കാൻ കഷ്ടപ്പെടുന്നത് എത്രയോ തവണ നാം കണ്ടിട്ടുണ്ട്, അനുഭവിച്ചിട്ടുണ്ട്! പിന്നെ പ്രാർത്ഥനയ്ക്കു 'വിഷയം' തിരക്കി നാടു നീളെ നടക്കും! 1 മണിക്കൂർ പ്രാർഥിക്കാമെന്ന് നേർന്നു പോയില്ലേ! 'വിഷയ'മില്ലാതെ എങ്ങനെ 1 മണിക്കുർ പ്രാർത്ഥിച്ചു തീർക്കും? ഈ അവസ്ഥയിൽ "മടുത്തുപോകാതെ, എപ്പോഴും പ്രാർഥിക്കുക' എന്ന യേശുവിന്റെ വചനങ്ങൾ എങ്ങനെ പ്രായോഗികമാക്കും? എവിടെ നിന്നു 'വിഷയം' കണ്ടെത്തും?

പ്രാർത്ഥിക്കാൻ 'വിഷയ'മില്ലാതെ ഭാരപ്പെടുന്ന പലരെയും ഞാൻ കണ്ടിട്ടുണ്ട്. ചിലരെങ്കിലും ബ്രദറെ, മൂന്നുമണിക്കുർ പ്രാർത്ഥിക്കാമെന്ന് ഏറ്റുപോയി ...നടക്കുന്നില്ല. എന്തെങ്കിലും പ്രാർത്ഥനാവിഷയമുണ്ടെങ്കിൽ പറയണേ, ഞാൻ പ്രാർത്ഥിച്ചോളാം എന്നു പറഞ്ഞിട്ടുണ്ട്. ഇക്കൂട്ടർക്ക് പ്രാർത്ഥന ഒരു ഭാരമാണ്! അങ്ങനെയുള്ളവർക്ക് 'മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കാൻ കഴിയില്ല!'. 'എപ്പോഴും പ്രാർഥിക്കുക' (pray always) എന്നത് ഒരു പായ വിരിച്ച് ഇരുപത്തിനാലു മണിക്കൂറും മുട്ടുകുത്തി നിന്നു പ്രാർത്ഥിക്കുന്നതാണോ?

''മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കുക" എന്നു കല്പിച്ച യേശു തന്നെയാണ് പ്രാർഥനയുടെ മകുടോദാഹരണം എന്നു നമുക്കറിയാം. യേശു ഇരുപത്തിനാലു മണിക്കൂറും മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുകയല്ലായിരുന്നല്ലോ. എന്നാൽ യേശു ഇരുപത്തിനാലു മണിക്കൂറും നിരന്തരം പിതാവിന്റെ സന്നിധിയിലായിരുന്നു. പ്രാർത്ഥന ദൈവവുമായുള്ള നിരന്തര സമ്പർക്കമാണ്, സംസർഗ്ഗമാണ്!

ഇപ്പറഞ്ഞതുകൊണ്ട്, ദൈവസംസർഗ്ഗത്തിൽ കഴിയുന്ന വ്യക്തി പ്രാർത്ഥനയ്ക്കായി വേറെ സമയം ചെലവഴിക്കേണ്ടതില്ല എന്നു കരുതരുത്! ദിവസത്തിൽ ഇരുപത്തിനാലു മണിക്കൂറും പിതാവിന്റെ സന്നിധിയിലായിരുന്നിട്ടും യേശു ജനക്കൂട്ടത്തിൽ നിന്നൊഴിഞ്ഞ് പ്രാർത്ഥനയ്ക്കായി തനിയെ മലയിൽ കയറിപ്പോകുമായിരുന്നു (മത്തായി14:23). അവിടുന്ന് ദൈവത്തോടുള്ള പ്രാർഥനയിൽ രാത്രി കഴിച്ചു (ലൂക്കോസ് 6:12). പത്രൊസ് രാത്രി മുഴുവൻ അധ്വാനിച്ചു; ഒന്നും കിട്ടിയില്ല. എന്നാൽ യേശു രാത്രി മുഴുവൻ പ്രാർത്ഥിച്ചു; അവിടുത്തെ ജീവിതം സഫലമായിത്തീർന്നു!

നാം ഇരുപത്തിനാലു മണിക്കൂറും ദൈവസംസർഗ്ഗത്തിലായിരിക്കണം. സ്കൂളിൽ പഠിക്കുമ്പോഴും പഠിപ്പിക്കുമ്പോഴും, പാടത്തു പണിയെടുക്കുമ്പോഴും, ഓഫീസിൽ ജോലി ചെയ്യുമ്പോഴും, അടുക്കളയിൽ പാചകം ചെയ്യുമ്പോഴും, ഭക്ഷണം കഴിക്കുമ്പോഴും, യാത്ര ചെയ്യുമ്പോഴും, വിശ്രമിക്കുമ്പോഴും നാം ദൈവസംസർഗ്ഗം അനുഭവിക്കണം; എന്നാൽ അതുമാത്രം പോരാ, എല്ലാറ്റിൽ നിന്നും 'വേറിട്ട്' ദൈവസാന്നിധ്യത്തിൽ കഴിയാൻ നാം സമയം കണ്ടെത്തുകയും വേണം.

യേശുവിന്റെ ഉപമകൾ ലളിതവും സാധാരണവുമാണെങ്കിലും ചിലപ്പോഴെങ്കിലും അത് ശരി

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# പഴയത് കഴിഞ്ഞു പോയി

എബ്രായ ലേഖനം 8: 8, 9

**നാം** കഴിഞ്ഞ ലക്കത്തിൽ കണ്ടത് പഴയത് എങ്ങനെ കഴിഞ്ഞു പോയി എന്നും പുതിയനിയമം എങ്ങനെ വന്നു എന്നതുമാണ്. ഈ വാദഗതിയെ സ്ഥാപിക്കുന്നതിനായി പഴയ നിയമത്തിലെ പ്രവചനങ്ങൾ ഉദ്ധരണികളായി ഉപയോഗിച്ചിരിക്കുന്നു. യിരമ്യാപ്രവചനം 31 : 31 ൽ ഇങ്ങനെ പറയുന്നു: ***'ഞാൻ ഇസ്രായേൽ ഗൃഹത്തോടും യഹൂദ ഗൃഹത്തോടും പുതിയ ഒരു നിയമം ചെയ്യുന്ന കാലം വരും'*** ഇവിടെ ലേഖനകർത്താവ് എടുത്തുപറയുന്ന ഒരു കാര്യം പുതിയനിയമത്തെക്കുറിച്ചുള്ള വാഗ്ദത്തം വന്നത് പഴയ നിയമം പരാജയപ്പെട്ടു എന്നത് കൊണ്ടാണ്. എന്താണ് അതിന് കാരണം? നിയമം നൽകിയ ദൈവമോ ദൈവം നൽകിയ നിയമമോ തെറ്റായതുകൊണ്ടോ, ബലഹീനമായതുകൊണ്ടോ അല്ല. പിന്നെയോ ആർക്കാണോ നിയമം ലഭിച്ചത് അവരുടെ പാപം നിമിത്തമാണ്.

പുതുതായി വരാൻ പോകുന്ന ഈ നിയമത്തെക്കുറിച്ച് കർത്താവ് പഴയനിയമത്തിൽ പ്രസ്താവിക്കുമ്പോൾ അതിൽ ചില പ്രധാന കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ അധ്യായത്തിന്റെ വ്യാഖ്യാനവുമായി നേരിട്ട് ബന്ധം ഇല്ലെങ്കിലും സമകാലീന വിശ്വാസ ഗോളത്തിൽ സാധാരണ കണ്ടുവരുന്ന ശാപം മുറിക്കൽ ശുശ്രൂഷ എത്രയോ അബദ്ധജടിലവും ദൈവവചന വിരുദ്ധവുമാണ് എന്ന് ഈ പ്രസ്താവനകളിലൂടെ വ്യക്തമാക്കപ്പെടുന്നു. പുതിയ നിയമവും പഴയ നിയമവും തമ്മിലുള്ള പ്രധാനപ്പെട്ട വ്യത്യാസമായി നാം കാണുന്നത്, പുതിയ നിയമത്തിൽ പരമ്പരാഗത പാപങ്ങളുടെ കണക്ക് നാം കൊടുക്കേണ്ടതില്ല എന്നതാണ്. അതായത് നമ്മുടെ പൂർവികർ ചെയ്ത പാപങ്ങളുടെ ശാപം നാം വഹിക്കുന്നില്ല. കർത്താവ് പറയുന്നു: 'അപ്പന്മാർ പച്ച മുന്തിരിങ്ങ തിന്നു മക്കളുടെ പല്ലു പുളിച്ചു എന്ന പഴഞ്ചൊല്ല് (യഹസ്കേൽ 18:2,3) പുതിയ നിയമ കാലഘട്ടത്തിൽ ഉണ്ടാവുകയില്ല. ഓരോരുത്തരും അവരവരുടെ അകൃത്യങ്ങൾ നിമിത്തമാണ് മരിക്കുന്നത്. അതുകൊണ്ടു തന്നെ നാം ജനിക്കുന്നതിന് മുമ്പ് കുടുംബത്തിൽ സംഭവിച്ചിട്ടുള്ള പാപകരമായ ഒരു പ്രവൃത്തിയുടെയും ഭാരം അല്ലെങ്കിൽ ശാപം നാം വഹിക്കേണ്ടി വരികയില്ല. ഈ ഒരു അനുഗ്രഹം പുതിയ നിയമത്തിന്റെ ഉടമ്പടി ബന്ധത്തിലേക്ക് വിശ്വാസത്താൽ പ്രവേശിച്ചവർക്ക് മാത്രമാണ്. അവരെ സംബന്ധിച്ച് യേശുക്രിസ്തുവിന്റെ മരണത്താൽ അവരുടെ സകല ശാപങ്ങളും പാപങ്ങളും എന്നെന്നേക്കുമായി നീക്കപ്പെട്ടു എന്നും പഴയതെല്ലാം കഴിഞ്ഞു പോയി അവർ പുതുതാക്കപ്പെട്ടിരിക്കുന്നു എന്നുമുള്ള ഉറപ്പാണ് പുതിയ നിയമത്തിന്റെ ഏറ്റവും വലിയ അനുഗ്രഹം. അതുകൊണ്ടുതന്നെ ശാപം മുറിക്കൽ ശുശ്രൂഷകളും മനുഷ്യരെ ഭയത്തിലാഴ്ത്തുന്ന, അവരുടെ വിശ്വാസത്തെ നശിപ്പിക്കുന്ന ആത്മിക അഭ്യാസങ്ങളും ദൈവവചനത്തിന് വിരുദ്ധവും പുതിയ നിയമത്തിന്റെ ശക്തിയെ ത്യജിക്കുന്നതും ആണ്. പഴയനിയമ പ്രമാണങ്ങൾ ഇന്നു പ്രസക്തമല്ല അഥവാ കാലഹരണപ്പെട്ടു

പോയി എന്ന് പറയുമ്പോൾ വളരെയധികം ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. ദൈവത്തിന്റെ നിയമങ്ങൾ ഒരിക്കലും അബദ്ധമായി പരിണമിക്കുന്നില്ല, ഇല്ലാതെ ആകുന്നില്ല. ദൈവത്തിന്റെ ന്യായപ്രമാണം ഇല്ലാതാവുകയല്ല ചെയ്തത്, അത് ആത്മീകമായി നിറവേറുകയാണ് ചെയ്യുന്നത്.

ഇത് നാം എങ്ങനെയാണ് പ്രാവർത്തികമാക്കേണ്ടത്? പഴയനിയമത്തിന്റെ നിഴലുകളിലൂടെ അല്ല, നിറവേറലുകളിലൂടെയാണ് നാം സഞ്ചരിക്കേണ്ടത്. അതായത്, യേശുക്രിസ്തുവിന്റെ കാലത്ത് മഹാപുരോഹിതന്മാരും ശാസ്ത്രിമാരും എങ്ങനെയാണോ പഴയ നിയമത്തെ വ്യാഖ്യാനിച്ചത് അങ്ങനെ വ്യാഖ്യാനിച്ചാൽ നാം ക്രിസ്തുനിഷേധികളും ദൈവത്തോട് അകന്നവരും ആയി മാറും. ഇന്ന് അനേകം സഭകളിലും സംഭവിക്കുന്നത് ഈ രീതിയിലുള്ള ക്രിസ്തുനിഷേധമാണ്. അവർ ക്രിസ്തുവിനെ തള്ളി പറയുന്നില്ലെങ്കിലും ക്രിസ്തു അവർക്ക് ആവശ്യമില്ലാത്ത ഒരു വ്യക്തിയായി മാറുന്നു. ന്യായപ്രമാണത്തിന്റെ നിഴലുകൾ വായിക്കുമ്പോൾ മൂടുപടം ഹൃദയത്തിൽ കിടക്കുകയും നാം തന്നെ ഒരു മതപ്രമാണത്തിന്റെ അടിമകളായി മാറുകയും ചെയ്യുന്നു. മതപ്രമാണങ്ങൾ നമ്മോട് പറയുന്നത് നിങ്ങൾ നന്മ ചെയ്താൽ അനുഗ്രഹം പ്രാപിക്കും, തിന്മ ചെയ്താൽ നശിച്ചുപോകും എന്നാണ്. ഇത് ഒറ്റനോട്ടത്തിൽ ശരിയായി നമുക്ക് തോന്നാം. ഇന്ന് പൊതുവേ പ്രസംഗിക്കപ്പെടുന്നത് ഇതുതന്നെയാണ്. എന്നാൽ പുതിയനിയമമെന്ന പൊരുളിലേക്ക് നമ്മൾ വരുമ്പോൾ വ്യക്തമാക്കപ്പെടുന്നത് നന്മ ചെയ്യാൻ കഴിയുന്ന ആരും ഇല്ല എന്നതാണ്. അതുകൊണ്ട് പുതിയ നിയമത്തിൽ നന്മ ചെയ്യുന്നവരും തിന്മ ചെയ്യുന്നവരും എന്ന ഭേദം അല്ല, പകരം വിശ്വസിക്കുന്നവരും വിശ്വസിക്കാത്തവരും എന്ന ഭേദം ആണുള്ളത്.

ഈ വിഷയത്തെക്കുറിച്ച് പൗലോസ് റോമാലേഖനത്തിൽ വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പുതിയ നിയമത്തിന്റെ അനുസരണം നിയമവ്യവസ്ഥയുടെ കഠിനത ഭയന്നിട്ടല്ല. മറിച്ച്, ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിൽ നിന്നാണ് ഉണ്ടാകുന്നത്. ഈ സ്നേഹമാണ് ക്രിസ്തീയ വിശ്വാസത്തിന്റെ യഥാർത്ഥ കാതൽ. എബ്രായർ 8 : 9 ൽ പറയുന്നു: 'എന്റെ പ്രമാണങ്ങളെ ഞാൻ അവരുടെ ഉള്ളിലാക്കും'. ഉള്ളിൽ നിന്നുള്ള അനുസരണം പുറമേയുള്ള സമ്മർദ്ദത്താലോ ഭയത്താലോ ഉളവാകുന്നതല്ല, നിർവ്യാജ വിശ്വാസത്തിൽ നിന്നുളവാകുന്ന സ്നേഹത്താലുരുവാകുന്നതാണ്. ഇവിടെയും ദൈവത്തിന്റെ സ്നേഹമാണ് പ്രകടമാകുന്നത്. കർത്താവിന്റെ വാക്കുകൾ ആ സ്നേഹത്തെ വ്യക്തമാക്കുന്നു. ഞാൻ അവരെ കൈയ്ക്കു പിടിച്ചു മിസ്രയീമിൽ നിന്ന് കൊണ്ടുവന്ന നാൾ എന്ന് പറയുമ്പോൾ എത്ര കരുതലോടെയാണ് കർത്താവ് അവരെ നടത്തിയത് എന്ന് വ്യക്തമാണ്. അന്ന് ദൈവം അവരോട് ചെയ്ത ഉടമ്പടിയിൽ ചില വ്യവസ്ഥകൾ വെച്ചിരുന്നു. ദൈവം അവരെ സംരക്ഷിക്കുമ്പോൾ അവർ ദൈവത്തിന്റെ നിയമങ്ങൾ അനുസരിച്ച് അതിനോട് പ്രതികരിക്കേണ്ടതായിരുന്നു.

എന്നാൽ കർത്താവ് പറയുന്നു: ഞാൻ അവരെ അത്ര സ്നേഹിച്ചിട്ടും നിയമങ്ങൾ നൽകിയിട്ടും പാലിക്കുവാൻ അവർക്ക് കഴിഞ്ഞില്ല. അതുകൊണ്ട് പുതിയ ഒരു ഉടമ്പടി തന്റെ ജനവുമായി ആരംഭിക്കുവാൻ ദൈവം തീരുമാനിച്ചു. ഈ ഉടമ്പടിയുടെ പ്രത്യേകത അത് ദൈവത്തിന്റെ വിശ്വസ്തതയിൽ മാത്രം ആധാരമായുള്ളതാണ്. പരാജയപ്പെടുന്ന മാനുഷിക നന്മകളിലോ അനുസരണത്തിലോ അടിസ്ഥാനപ്പെട്ടുള്ളതല്ല. പുതിയതായി നൽകപ്പെടുന്ന ഈ ഉടമ്പടിയിലും ദൈവത്തിന്റെ സ്നേഹം തന്നെയാണ് വ്യക്തമാകുന്നത്. പക്ഷേ, ഇത് വളരെ പ്രകടമാണ്. വ്യവസ്ഥകൾ ഇല്ലാത്ത സ്നേഹം നമുക്ക് നൽകുന്നു എന്ന് മാത്രമല്ല, ആ ഒരു ഉടമ്പടി സ്ഥിരപ്പെടുത്തുന്നതിനായി സ്വന്തപുത്രന്റെ ജീവനെ നമുക്കായി നൽകുന്നു. ഇങ്ങനെ പഴയതിനെ നീക്കി മനോഹരമായ, നിത്യനായ പുത്രന്റെ രക്തത്താൽ സ്ഥാപിതമായ ഒരു പുതിയ ഉടമ്പടിയുടെ അവകാശികൾ ആക്കി നമ്മെ മാറ്റിയിരിക്കുന്നു.

ദൈവത്തെ ആദരിക്കുകയും അനുസരിക്കുകയും ചെയ്യാതെ, ശത്രുക്കളായി നിന്ന ആളുകളോട് ദൈവം കാണിച്ചത് തന്റെ പുത്രനെ നൽകിക്കൊണ്ടുള്ള സ്നേഹമാണ്. റോമർ 5 ൽ നാം ദൈവത്തിന് ഗുണവാന്മാരോ നീതിമാന്മാരോ അല്ലാതിരിക്കാതെ, ശത്രുക്കൾ ആയിരിക്കുമ്പോൾ ത്തന്നെ, നമുക്കായി തന്റെ പുത്രനെ അയച്ചതിലൂടെത്തന്നെ, തന്റെ സ്നേഹം ദൈവം വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്നു. നീതിമാനു വേണ്ടിയോ ഗുണവാനു വേണ്ടിയോ ആരെങ്കിലും മരിക്കുന്നതു പോലെ അല്ല ശത്രുവിന് വേണ്ടി മരിക്കുന്നത്. അതുകൊണ്ട് സുവിശേഷത്തിന്റെ ദൂത് എല്ലാവരോടും ദൈവസ്നേഹത്തെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുന്നു. •



ജോർജ് മാത്യു, പുതുപ്പള്ളി

# ക്ഷമിക്കാൻ കൂട്ടാക്കാഞ്ഞാൽ...

'ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവുമാകുന്നു' (സങ്കീർത്തനം 133:1). എവിടെ ജനം ഐക്യത്തോടും രഞ്ജിപ്പോടും കഴിയുന്നുവോ അവിടെ സന്തോഷവും സമാധാനവും നിറഞ്ഞുനിൽക്കും. പറുദീസയുടെ സൗരഭ്യം അവിടെ പരന്നൊഴുകും. കയ്പ്പായ ചിന്തകൾ വച്ചുപുലർത്തുകയും പരസ്പരം കലഹിക്കുകയും ക്ഷമിക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തികൾ വസിക്കുന്ന ഭവനങ്ങളിലും സഭകളിലും നരകത്തിന്റെ വിഷം വമിച്ചുകൊണ്ടിരിക്കും. ഭക്തരെന്ന് അവകാശപ്പെടുന്നവരുടെ ഇടയിൽപ്പോലും പകയും വെറുപ്പും സർവസാധാരണമായി മാറിയിരിക്കുന്നു.

ഗിരിപ്രഭാഷണത്തിൽ, സഹോദരന് എതിരായ ചിന്തകൾ ഹൃദയത്തിൽ വച്ചുപുലർത്തുന്ന വ്യക്തികൾക്ക് കഠിനശിക്ഷാവിധിയുണ്ടാകുമെന്ന് യേശുകർത്താവ് കർശനമായി പറഞ്ഞു. എന്തു വിലകൊടുത്തും സഹോദരനുമായി നിരന്നുകൊള്ളാനും അനുരഞ്ജനം പ്രാപിക്കുവാനും കർത്താവ് ഉദ്ബോധിപ്പിക്കുന്നു. അല്ലാത്തപക്ഷം ഭയാനകമായ ഭവിഷ്യത്തുകൾ ഉണ്ടാകുമെന്നും മുന്നറിയിപ്പ് നൽകുന്നു 'അതുകൊണ്ട്, നീ യാഗപീഠത്തിൽ, യാഗാർപ്പണത്തിനായി വരുമ്പോൾ നിന്റെ സഹോദരനോ സഹോദരിക്കോ നിനക്ക് വിരോധമായി എന്തെങ്കിലും ഉണ്ടെന്ന് ഓർമ്മ വന്നാൽ നിന്റെ അർപ്പണവസ്തു യാഗപീഠത്തിനുമുമ്പിൽ വെച്ചിട്ട് ആദ്യം ചെന്ന് അവരോടു രമ്യതപ്പെടുക....നീ അവിടെനിന്നു പുറത്തുവരികയില്ല എന്നു ഞാൻ ഉറപ്പിച്ചു പറയുന്നു' (മത്തായി 5:23-26). കരച്ചിലും പല്ലുകടിയും നിറഞ്ഞ അന്ധകാരരാജ്യത്തിൽ അവർ തടവിൽ ആയിപ്പോകുമെന്നാണ് കർത്താവ് പറയുന്നത്.

പിണക്കം തിങ്ങിയവരെ മരണയോഗ്യർ എന്നാണ് അപ്പൊസ്തലനായ പൗലൊസ് വിശേഷിപ്പിക്കുന്നത് (റോമർ 1: 29,32). മറ്റൊരു ഭാഗത്ത് ദൈവക്രോധത്തിന് ഇരയാകുന്ന ആക്ഷേപാർഹരായ ആളുകളുടെ കൂട്ടത്തിലാണ് അപ്പൊസ്തലൻ അവരെ ഉൾപ്പെടുത്തിയിരിക്കുന്നത് (2 തിമൊഥെയൊസ് 3: 3). പരസ്പരം രഞ്ജിപ്പോടെ ജീവിക്കാൻ വിസമ്മതിക്കുന്ന വിശ്വാസികൾ മറ്റു പാപങ്ങൾക്ക് ശിക്ഷായോഗ്യരല്ലെങ്കിൽക്കൂടിയും ശിക്ഷിക്കപ്പെടുമെന്നാണ് മേലുദ്ധരിച്ചതിന്റെ അർത്ഥം. യേശുവിന്റെ വാക്കുകൾ സത്യമാണ്. അവയ്ക്ക് അനുസൃതമായി അവിടുന്ന് പ്രവർത്തിക്കുകയും ചെയ്യും.

നമ്മുടെ വികാരങ്ങളെ ക്ഷതപ്പെടുത്തുകയും നമ്മോട് അനീതി പ്രവർത്തിക്കുകയും ചെയ്തവരോട് ക്ഷമിക്കുക തീർച്ചയായും വിഷമം നിറഞ്ഞ കാര്യം തന്നെയാണെന്ന് യേശുവിനറിയാം. നമ്മുടെ പ്രശസ്തിക്ക് ഹാനിയുളവാക്കുന്നതോ, നമ്മുടെ കുടുംബത്തിനു വേദനയുണ്ടാക്കുന്നതോ ആയവിധത്തിൽ സംസാരിക്കുന്നവരോട് ക്ഷമിക്കുന്നതും പ്രയാസമാണെന്ന് കർത്താവിനറിയാം. എങ്കിലും നാം ക്ഷമിച്ചേ മതിയാവൂ.

നമ്മുടെ ഹൃദയത്തിൽ രൂഢമൂലമായിക്കിടക്കുന്ന കയ്പ് നിറഞ്ഞ ചിന്തകൾ പിഴുതുകളയുവാൻ നാം അശക്തരാണെന്ന കാര്യം യേശുവിനു മനസ്സിലാകുമല്ലോ എന്നു നാം സങ്കല്പിക്കുന്നു. വേദനിപ്പിച്ചവർക്കു നേരെ നാം കുറ്റാരോപണങ്ങൾ നിരത്തുന്നതും യേശുവിനു മനസ്സിലാകുമല്ലോ എന്നോർത്ത് നാം സമാധാനിക്കുന്നു. തീർച്ചയായും, യേശുവിനെപ്പോലെ നമ്മെ ശരിയായി അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്നവർ മാറ്റാരുമില്ല. നമ്മുടെ പാപങ്ങളും ബന്ധനങ്ങളും അവിടുന്ന് നന്നായി അറിയുന്നുമുണ്ട്. അവിടുന്ന് കരുണാസമ്പന്നനാണെങ്കിലും നമ്മുടെ ചിന്തകളെ വ്യർത്ഥമാക്കിക്കൊണ്ട് കയ്പായ ചിന്തകളും അനൈക്യവും പുലർത്തുന്നവരുടെ മേൽ കർശനമായ ശിക്ഷാവിധിയാണ് യേശു പ്രഖ്യാപിച്ചിരിക്കുന്നത്.

യേശുകർത്താവ് നമ്മോട് മഹാകരുണ കാട്ടിയതിനാൽ നാം മറ്റുള്ളവരോടും കരുണ കാട്ടണമെന്ന് യേശു പഠിപ്പിക്കുന്നു. നമ്മുടെ മനസ്സലിവില്ലായ്മക്കു നേരെ യേശുവിന്റെ ഉഗ്രകോപം ജ്വലിക്കുന്നു. അതിൽനിന്നു തെറ്റിയൊഴിയുവാൻ നമുക്കു സാധ്യമല്ല. കരുണയില്ലാത്ത ദാസന്റെ ഉപമയിൽ കർത്താവ് ഇക്കാര്യം വ്യക്തമാക്കുന്നു. ആയിരം തവണ കർത്താവ് നമ്മോട് ക്ഷമിച്ചിട്ടും പത്തു തവണപോലും സഹോദരനോട് ക്ഷമിക്കാൻ നമുക്കു കഴിയുന്നില്ലെങ്കിൽ കർത്താവിന്റെ മുമ്പാകെ നമ്മുടെ പാപം ഗുരുതരമാണ്. ദൈവകോപം നമ്മെ ശിക്ഷയ്ക്കു വിധിച്ച് യാതനാസ്ഥലത്തേക്ക് തള്ളിക്കളയുക തന്നെ ചെയ്യും (മത്തായി 18:34).

നാം ക്ഷമിക്കാൻ കൂട്ടാക്കാത്തവരുടെ വേദന ദൈവസന്നിധിയിലേക്ക് എത്തുന്നു. മിന്നൽപ്പിണർ പോലെ ദൈവം ഉത്തരമരുളുന്നു. കൈപ്പും രഞ്ജിപ്പില്ലായ്മയും ദൈവകോപത്തെ ജ്വലിപ്പിക്കുന്നു. നീരസവും സൗഹൃദമില്ലായ്മയും നമ്മുടെ യാചനകളുടെ നേരെയുള്ള ദൈവഹൃദയത്തെ അടച്ചുകളയുന്നു. ദൈവത്തോടുള്ള നമ്മുടെ സമീപനത്തിലും അതു തടസ്സം സൃഷ്ടിക്കുന്നു. അതുകൊണ്ട് സഹോദരങ്ങൾക്കു നേരെയുള്ള എല്ലാ കുറ്റാരോപണങ്ങളും കുഴിച്ചുമൂടിയശേഷം രഞ്ജിപ്പോടെ ജീവിക്കാൻ നമുക്കു തീരുമാനിക്കാം. അല്ലാത്തപക്ഷം നാം ശിക്ഷാവിധിയിൽ അകപ്പെടും. രഞ്ജിപ്പില്ലാത്തവരോടൊപ്പം നാമും അന്ധകാരരാജ്യത്ത് ശിക്ഷ അനുഭവിക്കേണ്ടി വരും.

കൈപ്പു നിറഞ്ഞതും അന്യരിൽ കുറ്റമാരോപിക്കുന്നതുമായ നമ്മുടെ വിചാരങ്ങളും പ്രതികരണങ്ങളും ഒഴിവാക്കണമെങ്കിൽ ദൈവത്തിന്റെ വെളിച്ചം നമ്മുടെമേൽ പ്രകാശിക്കണം. സ്വയം വിമർശിക്കേണ്ട കാര്യങ്ങൾക്കാണ് നാം മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നതെന്ന് അപ്പോൾ നമുക്കു മനസ്സിലാകും. വേദനയുടെ അസ്വസ്ഥത എല്ലാവർക്കും തുല്യമാണെന്ന് നാം തിരിച്ചറിയും. അങ്ങനെ നാം അന്യരെ കുറ്റപ്പെടുത്തുന്ന സ്വഭാവം ഉപേക്ഷിക്കും. മറ്റുള്ളവരോട് നീരസം പുലർത്തുന്നത് അവസാനിപ്പിക്കും. മറ്റുള്ളവരെ കുറ്റം വിധിക്കുന്ന പ്രകൃതി തന്നെ ഇല്ലാതാകും. കൈപ്പും രഞ്ജിപ്പില്ലായ്മയും നമ്മിൽ നിന്ന് അപ്രത്യക്ഷമാകും.

നമുക്ക് നീരസമുള്ള വ്യക്തിയോട് നിരപ്പാകാൻ സമയം നീട്ടി വെക്കരുത്. ചിലപ്പോൾ അത് സാധ്യമാകാതെവണ്ണം വൈകിപ്പോയേക്കാം. അനുഞ്ജനത്തിനുള്ള അവസരങ്ങൾ മന:പ്പൂർവം പാഴാക്കിക്കളഞ്ഞാൽ സാത്താൻ നമ്മെ അവന്റെ രാജ്യത്തേക്ക് നയിച്ചേക്കാം. മറ്റുള്ളവർ നമ്മെ സ്വീകരിക്കുമോ അവഗണിക്കുമോ എന്നത് അവരുടെ കാര്യം. നമുക്ക് വിനയം നിറഞ്ഞ ഹൃദയവും പ്രതിയോഗിയോട് ആത്മാർത്ഥമായ സ്നേഹവും ഉണ്ടായിരിക്കണമെന്നതാണ് പ്രധാനം. മറ്റുള്ളവരുടെ മനോഭാവത്തിൽ പരിവർത്തനം ഉളവാക്കുവാനും രഞ്ജിപ്പിന്റെ ബന്ധം സ്ഥാപിക്കുന്നതിനും സ്നേഹത്തിന് വലുതായ ശക്തിയുണ്ട്.

നീരസം നിറഞ്ഞ ചിന്തകൾ, കുറ്റാരോപണം നടത്തുന്ന സ്വഭാവം, ഇവ നമ്മിൽ ഉള്ളടത്തോളം കാലം നാം സാത്താനുമായി ചങ്ങാത്തത്തിലാണ്. അനൈക്യം ഒഴിവാക്കി വിശ്വാസത്തിന്റെതായ ഉഗ്രപോരാട്ടം നാം ആരംഭിക്കണം. നമ്മുടെ ഉള്ളിലെ സാത്താന്റെ പ്രവർത്തനങ്ങളെ നശിപ്പിക്കുവാനാണ് യേശു വന്നത്. അതുകൊണ്ട് കയ്പായ ചിന്തകൾ, കുറ്റാരോപണസ്വഭാവം, അനൈക്യത്തിന്റെ മനോഭാവം, കലഹത്തിന്റെ പ്രകൃതം, ഇവയെയെല്ലാം നമ്മിൽ നിന്നു പുറത്താക്കാം. ദൈവത്തിന്റെ കാരുണ്യം നിറഞ്ഞ സ്നേഹത്തെ നമ്മുടെ ഹൃദയത്തിലേക്ക് ധാരാളമായി പകർന്നു തരുവാനാണ് പരിശുദ്ധാത്മാവിനെ ദൈവം നമ്മുടെ ഇടയിലേക്ക് അയച്ചിരിക്കുന്നത്. ആ പരിശുദ്ധാത്മാവിനെ നമ്മുടെ സഹായത്തിനായി ക്ഷണിക്കാം. യേശുവിന്റെ ജയകരമായ നാമം വിളിച്ചപേക്ഷിക്കുന്നതിൽ നമുക്ക് മടുപ്പ് കാട്ടാതിരിക്കാം ●



ഡേവിഡ് വിൽക്കേഴ്സൺ

# ന്യായവിധി എന്ന വാൾ

***നീ എഴുന്നേറ്റു മഹാനഗരമായ നീനെവേയിലേക്കു ചെന്നു അതിനു വിരോധമായി നിലവിളിക്ക; അവരുടെ ദുഷ്ടത എന്റെ മുമ്പാകെ എത്തിയിരിക്കുന്നു (യോനാ 1:2).***

ഇക്കാലത്തു നടമാടുന്ന അധാർമ്മികതയെയും ദുഷ്ടതയെയും കുറിച്ച് ദൈവത്തിന് എന്തായിരിക്കും പറയാനുണ്ടാവുക? നൂറ്റാണ്ടുകൾക്ക് മുമ്പ് നീനെവേയോട് പറഞ്ഞ അതേ കാര്യം ആയിരിക്കയില്ലേ? പാപങ്ങൾക്കെതിരെ നിലവിളിക്കുക! എന്റെ ഉഗ്രകോപം അവരുടെമേൽ വീഴാൻ പോകുന്നുവെന്ന് അവർക്ക് മുന്നറിയിപ്പ് നൽകുക! ആഴത്തിലുള്ള മാനസാന്തരം ഉണ്ടായില്ലെങ്കിൽ ഏതു നിമിഷത്തിലും അവർ ന്യായവിധി അഭിമുഖീകരിക്കേണ്ടി വരും.

നീനെവേയിലേക്കു ദൈവം ഒരേയൊരു പ്രവാചകനെ മാത്രമാണ് അയച്ചത്, യോനാ. അവൻ ഓഡിറ്റോറിയം വാടകയ്ക്കെടുത്തില്ല, സംഗീതജ്ഞരില്ലായിരുന്നു, ഉച്ചഭാഷിണി പോലും ഇല്ലായിരുന്നു. നഗരത്തിലൂടെ നടക്കുന്ന ഒരു തെരുവ് പ്രസംഗകൻ. മറ്റാരോടും മറ്റൊരു വിഷയവും സംസാരിക്കാൻ നിൽക്കാതെ, കരഞ്ഞും ഉച്ചത്തിൽ നിലവിളിച്ചുംകൊണ്ട് നടന്നു. അവൻ ദൈവസ്നേഹത്തെക്കുറിച്ച് പ്രസംഗിക്കുകയായിരുന്നില്ല. ദൈവത്തിന് അവരുടെ ജീവിതത്തിനായി മനോഹരമായ ഒരു പദ്ധതിയുണ്ടെന്നും ഇന്നത്തെ പല പ്രസംഗകരെപ്പോലെ അവരോട് പറയുകയായിരുന്നില്ല. നിങ്ങൾക്ക് 40 ദിവസം മാത്രമേ ശേഷിക്കുന്നുള്ളൂ. ദൈവം നിങ്ങളുടെ ദുഷ്ടത കണ്ടു, അവിടുന്ന് ന്യായവിധി അയയ്ക്കാൻ പോകുന്നു...

ശ്രദ്ധിക്കുക: യോനാ ന്യായവിധി മാത്രം പ്രസംഗിക്കുകയായിരുന്നു. സമാധാനം പ്രസംഗിച്ചു കൊണ്ട് ആ തെരുവുകളിൽ അവൻ നടന്നില്ല. സമാധാനത്തിന്റെയും സമൃദ്ധിയുടെയും പ്രസംഗകർ ആയിരുന്നെങ്കിൽ അവർ ജനക്കൂട്ടത്തെ ആകർഷിക്കുവാൻ നീനെവേക്കാരോട് അവരുടെ രാജ്യം വളരെ നല്ലതാണെന്നും ദൈവം അവരുടെ മേൽ ഇനിയും അനുഗ്രഹം അയയ്ക്കും എന്നും പറഞ്ഞിരുന്നെങ്കിൽ അത് അവരിൽ ഒരു ഒരു വ്യത്യാസവും വരുത്തുമായിരുന്നില്ല. യോനായ്ക്ക് മാത്രമേ മുഖം നോക്കാതെ പറയുവാനുള്ള സന്ദേശം ഉണ്ടായിരുന്നുള്ളൂ. മറ്റുള്ളവർ സമാധാനവും അനുഗ്രഹവും പ്രസംഗിക്കുമ്പോൾ യോനാ ന്യായവിധിയുടെ ഭീകരതയെ അവരോടു അറിയിച്ചു.

ഞങ്ങൾ സുവിശേഷപ്രവർത്തനങ്ങളെ സഹായിക്കുന്നു, ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നു എന്നിത്യാദി കാരണങ്ങളാൽ ദൈവം നമ്മെ രക്ഷിക്കുമെന്ന് ആരും പറയരുത്. ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ ദരിദ്രർക്ക് നൽകുന്ന ദാനങ്ങൾ നിമിത്തം ന്യായവിധിയിൽ നിന്ന് ദൈവം നമ്മെ ഒഴിവാക്കുമെന്ന് ചിന്തിക്കുന്നത് തന്നെ അബദ്ധവും വചനവിരുദ്ധവുമാണ്.

മാനവസമൂഹമേ ഉണരൂ. ന്യായവിധി അതിസമീപമായിരിക്കുന്നു. കാരണം തങ്ങളെത്തന്നെയും പണത്തെയും മാത്രമേ ജനം സ്നേഹിക്കുന്നുള്ളൂ. അവർ അഹങ്കാരികളും പൊങ്ങച്ചക്കാരുമായിരിക്കുന്നു, ആളുകൾ മറ്റാളുകൾക്കെതിരെ ദൂഷണം പറയുന്നു. വ്യക്തിഹത്യ നടത്തുന്നു. മാതാപിതാക്കളെ അനുസരിക്കാതെ അവരെ ഭീഷണിപ്പെടുത്തുന്നു. നന്ദി കെട്ട ജനം. അവർ ദൈവം ആഗ്രഹിക്കുന്ന തരത്തിൽ ജീവിക്കുന്നില്ല. അന്യരോട് ക്ഷമിക്കുവാൻ കൂട്ടാക്കാതെ സത്പ്രവൃത്തികളെ എതിർക്കുന്നു. ലോകത്തിന്റെ മായക്കാഴ്ചകളും ധാടിമോടികളും ആഡംബര ജീവിതവും ന്യായവിധിക്കു ആക്കം കൂട്ടുകയല്ലാതെ ദൈവകോപത്തെ ശമിപ്പിക്കുവാൻ പര്യാപ്തമല്ല. പ്രസംഗവേദികളിൽ നിന്ന് മുഴങ്ങുന്ന ഒരു വെള്ളപൂശലുകളും കണ്ട് ദൈവം ശാന്തനാകയില്ല.

ഈ ദുഷ്ടയുഗത്തിനെതിരെ ന്യായവിധി പ്രഖ്യാപിച്ചതിന് ദൈവത്തിന് വ്യക്തമായ ഉത്തരമുണ്ട്! ഇസ്രായേലിന് അവൻ നൽകിയ അതേ ഉത്തരമാണിത്. 'ഈ വാക്കുകളെല്ലാം നീ ഈ ജനത്തെ അറിയിക്കുമ്പോൾ, അവർ നിങ്ങളോട് ചോദിക്കും: യഹോവ നമുക്കെതിരെ ഇത്ര വലിയ ന്യായവിധി പ്രഖ്യാപിച്ചത് എന്തുകൊണ്ട്? നമ്മുടെ അകൃത്യം എന്താണ്? നമ്മുടെ ദൈവമായ യഹോവയ്ക്കെതിരെ നാം ചെയ്ത ദുഷിച്ച പാപം എന്താണ്?' (യിരെമ്യാവ് 16: 10) എന്ന് ജനം ജല്പനം ചെയ്യുന്നു. അവർ വഷളന്മാരായി നടക്കുന്നു എന്നത് സത്യമാണ്. അവർ കർത്താവിന്റെ ദൃഷ്ടിയിൽ കഠിനമായി പാപം ചെയ്തിട്ടുണ്ട്. അവർ വെള്ളിയും സ്വർണ്ണവും കൊണ്ടുള്ള ദൈവങ്ങളെ ആരാധിച്ചിട്ടുണ്ട്. അവരുടെ ദൈവം അവരുടെ വയറാണ്. അവർ ലൈംഗികതയുടെയും, കായിക വിനോദത്തിന്റെയും, ഭൗതികവിജയത്തിന്റെയും വിഗ്രഹങ്ങളെ ആരാധിക്കുന്നു. എന്നാൽ അവരോടു ദൈവം അരുളിച്ചെയ്തു: ഞാൻ അന്ധനല്ല നിങ്ങൾ രഹസ്യമായി ചെയ്യുന്നത് ഞാൻ കാണുന്നു. എന്റെ കണ്ണുകൾ നിങ്ങളുടെ എല്ലാ വഴികളിലും ഉണ്ട്; അവ എനിക്കു മറഞ്ഞു കിടക്കുന്നില്ല നിങ്ങളുടെ പാപം എന്റെ കണ്ണുകളിൽ നിന്ന് മറഞ്ഞിട്ടില്ല (യിരെമ്യാവ 16: 17).

എന്നാൽ എല്ലാവരും ദുഷ്ടരാണോ? തീർച്ചയായും അല്ല! ഈ ലോകത്തിലെ വിഗ്രഹങ്ങൾക്ക് മുന്നിൽ മുട്ടുകുത്താത്ത വിശ്വസ്തരായവർക്ക് വേണ്ടി ദൈവത്തിന് നന്ദി. അവർ ഇരുണ്ട ദിവസത്തിൽ രത്നങ്ങൾ പോലെ തിളങ്ങുന്നു. എന്നാൽ അനേകർ ദിവസം തോറും കൂടുതൽ ദുഷ്ടന്മാരായിക്കൊണ്ടിരിക്കുകയാണ്. ദൈവം ഈ ദുഷ്ട തലമുറയെ ന്യായം വിധിക്കണം, അല്ലെങ്കിൽ സാത്താന്റെ വിജയമാകില്ലേ അത്? ഇതാണ് ന്യായവിധിയെന്ന വാളിന്റെ ലക്ഷ്യം. സമൂഹത്തിലെ മുഴുവൻ വിഭാഗങ്ങളെയും കീഴടക്കി ഭരിക്കാൻ സാത്താനെ ദൈവം അനുവദിക്കുകയോ? യോനായുടെ അധരങ്ങളിലൂടെ ദൈവം സാത്താന് മുന്നറിയിപ്പ് നൽകുകയായിരുന്നു, ഇനി നിനക്ക് 40 ദിവസം കൂടി ബാക്കിയുണ്ട്! ഈ ജനത്തെ ഇനി 40 ദിവസത്തേക്ക് മാത്രമേ നിനക്ക് അടിമകളാക്കാൻ കഴിയൂ! നിന്റെ സമയം കഴിഞ്ഞു! ഈ നഗരത്തിലുള്ള നിന്റെ സ്വാധീനം ഞാൻ തുടച്ചുനീക്കും. ദുഷ്പ്രവൃത്തിയുടെ ഒരു കണിക പോലും ഞാൻ അവശേഷിപ്പിക്കില്ല!

ആത്മീയയുദ്ധം മാതാപിതാക്കൾ മക്കൾക്കെതിരെയോ തിരിച്ചോ നടത്തുന്നതല്ല. ഇത് യുവാക്കളും ദൈവവും തമ്മിലുള്ള പോരാട്ടമല്ല. ഇത് ദൈവവും പിശാചും തമ്മിലുള്ള പോരാട്ടമാണ്. പാപിയായ മനുഷ്യൻ ഈ യുദ്ധത്തിൽ സാത്താന്റെ കയ്യിലെ ഒരു കരു മാത്രമാണ്. ദൈവത്തിനെതിരെ പോരാടാൻ അവൻ മനുഷ്യനെ ഉപയോഗിക്കുന്നു. എത്ര ഭയാനകം! ദൈവം വെറുതെ ഇരിക്കുമോ? മനുഷ്യകുലത്തെ പിശാച് നശിപ്പിക്കുവാൻ ദൈവം അനുവദിക്കില്ല. ദൈവം പറയുന്നത് ഇതാണ്: 'ഞാൻ ന്യായവിധിയിൽ നിങ്ങളുടെ അടുക്കൽ വരും: മന്ത്രവാദികൾക്കും വ്യഭിചാരികൾക്കും എതിരെ ഞാൻ ഒരു ശീഘ്ര സാക്ഷിയായിരിക്കും' (മലാഖി 3:5). ന്യായവിധി ഉടൻ വരുന്നില്ലെങ്കിൽ സാത്താന് തന്റെ രാജ്യം സ്ഥാപിക്കാനും അങ്ങനെ ദൈവത്തെ പരിഹസിക്കുവാനും കഴിയുമെന്ന് നാമെല്ലാവരും സമ്മതിക്കേണ്ടി വരും.

യോനായുടെ പ്രസംഗത്തിൽ നീനെവേക്കാർ അനുതപിച്ചു! രാജാവിനും ആ സന്ദേശം മനസ്സി

# ഭീകരാക്രമണങ്ങൾ കേവലം മരീചികാസ്വപ്നങ്ങൾ മാത്രം

ജമ്മു കാശ്മീരിലെ പഹൽഗാമിൽ വിനോദസഞ്ചാരികൾക്കു നേരെയുണ്ടായ ഭീകരാക്രമണത്തിൽ 28 പേർ കൊല്ലപ്പെട്ടതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ജമ്മുകാശ്മീരിൽ 2019 ന് ശേഷം നടന്ന ഏറ്റവും വലിയ ഭീകരാക്രമണമാണ് പഹൽഗാമിൽ സംഭവിച്ചത്. ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി അടിയന്തരമായി സൗദി അറേബ്യയിലെ പ്രോഗ്രാമുകൾ റദ്ദാക്കി ഇന്ത്യയിലേക്കു തിരിച്ചു. ആക്രമണത്തിന്റെ ഉത്തരവാദിത്വം 'ലഷ്കറെ ഈ തോയിബ' അനുകൂല സംഘടനയായ ദ് റെസിസ്റ്റൻസ് ഫ്രണ്ട് (The Resistance Front) ഏറ്റെടുത്തു. പ്രധാനമന്ത്രി നരേന്ദ്രമോദി സംഭവത്തെക്കുറിച്ച് വിഡിയോ കോൺഫറൻസിലൂടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തി. പട്ടാളവേഷത്തിൽ അജ്ഞാതരായ തോക്കുധാരികൾ വിനോദസഞ്ചാരികൾക്കടുത്തു വന്ന് വെടിയുതിർക്കുകയായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറയുന്നു. കാൽനടയായോ കുതിരപ്പുറത്തോ മാത്രമേ ഈ പ്രദേശത്ത് എത്തിച്ചേരാൻ സാധിക്കൂവെന്നാണ് പ്രദേശവാസികൾ പറയുന്നത്. ജമ്മുകാശ്മീരിന്റെ പ്രധാന വരുമാനമാണ് വിനോദ സഞ്ചാരം അവർക്ക് എതിരെയുള്ള ആക്രമണം കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ല. തികച്ചും നിർദ്ദോഷികളാണ് കൊല്ലപ്പെട്ടത്. ഈ നാട്ടിൽ വേണ്ടത് സമാധാനമാണ്. ശ്രീനഗറിലെ പൊലീസ് ആസ്ഥാനത്തേയ്ക്കും ജനങ്ങൾ പ്രതിഷേധവുമായി എത്തുന്നുണ്ട്. ജമ്മുകാശ്മീരിൽ സമാധാനം നടപ്പിലാക്കാൻ അധികൃതർ ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് ആവശ്യം.

അകാരണമായ രക്തച്ചൊരിച്ചിൽ എത്ര ഭീകരവും നീചവും ആണ്. ആർക്കും യാതൊരു നേട്ടവും ലഭിക്കാത്ത ഇത്തരം മൃഗീയതയുടെ പിന്നിൽ തികച്ചും അസാധ്യമായ മരീചികാസ്വപ്നങ്ങളാണ് എന്ന തിരിച്ചറിവിലേക്ക് ഭീകരർ എത്തിയിരുന്നെങ്കിൽ എന്നാശിച്ചു പോകുന്നു.

**ന്യായവിധി എന്ന വാൾ**


ലായി. ആരോ അവനോട് പറഞ്ഞു, നമ്മുടെ തെരുവുകളിൽ ഒരാൾ നടക്കുന്നുണ്ട്, നമുക്ക് 40 ദിവസം മാത്രമേ ശേഷിക്കുന്നുള്ളൂ! നാമെല്ലാം മരിക്കാൻ പോകുന്നു. അത് സത്യമാണെന്ന് അവരുടെ ഹൃദയങ്ങളിൽ അവർക്ക് അറിയാമായിരുന്നു. തങ്ങളുടെ ദുഷ്ടത കണ്ടു, ദൈവം വെറുതെ ഇരിക്കില്ലെന്നും, കടിച്ചു കീറുന്ന മൃഗങ്ങളെപ്പോലെയാകാൻ തങ്ങളെ ദൈവം ഇനിയും അനുവദിക്കില്ലെന്നും അവർ തിരിച്ചറിഞ്ഞു! രാജാവും ജനങ്ങളും രാജ്യമൊന്നാകെ, ദൈവമുമ്പാകെ സ്വയം താഴ്ത്തി. അവരുടെ പാപങ്ങൾ ഏറ്റുപറഞ്ഞു രക്ഷയ്ക്കായി ദൈവത്തോട് അപേക്ഷിച്ചു.

ന്യായവിധി പ്രസംഗിക്കുന്നവരെ 'അന്ത്യദിന പ്രസംഗകർ' എന്ന് മറ്റുള്ളവർ പരിഹസിക്കുന്നു. ന്യായവിധി പ്രസംഗിക്കുന്നവർ ദൈവത്തിന്റെ കൃപ, സ്നേഹം, കരുണ എന്നിവ മനസ്സിലാക്കാതെ ആളുകളെ ഭയപ്പെടുത്തുന്നുവെന്നും ഇരുണ്ട വശം മാത്രം നോക്കുന്നുവെന്നും പറയുന്നു. എന്നാൽ ഇപ്രകാരമുള്ള സംസാരമൊന്നും കാര്യമാക്കരുത്. ദൈവം സ്നേഹമാണ്, അവിടുന്ന് വിശുദ്ധനുമാണ്! മാത്രമല്ല നീതിമാനും കൂടിയാണ്! ദൈവഭവനമാകുന്ന സഭയിൽ, സ്നേഹം പ്രസംഗിക്കപ്പെട്ട കൃപയുടെ ദിവസത്തിൽ, അനന്യാസും സഫീറയും മരിച്ചുവീണെങ്കിൽ ദൈവം മനുഷ്യന്റെ ദുഷ്ടതയ്ക്കെതിരെ കോപത്തിന്റെ വീഞ്ഞ് പകരുമ്പോൾ എന്ത് സംഭവിക്കും?

യേശു പറഞ്ഞു: 'നീനെവേ നിവാസികൾ ന്യായവിധിയിൽ ഈ തലമുറയോടൊപ്പം എഴുന്നേറ്റ് നിങ്ങളെ കുറ്റം വിധിക്കും; കാരണം അവർ യോനായുടെ പ്രസംഗത്തിൽ മാനസാന്തരപ്പെട്ടു; ഇതാ, യോനായെക്കാൾ വലിയവൻ ഇവിടെയുണ്ട് (മത്തായി 12:41). ഈ യുഗത്തിലെ ഏതൊരു പ്രസംഗകനെക്കാളും യോനായെക്കാളും യോഹന്നാൻ സ്നാപകനെക്കാളും അപ്പോസ്തലന്മാരെക്കാളും അറിവിലും അഭിഷേകത്തിലും വലിയവനാണ് യേശുക്രിസ്തു



അനു ഗ്രേസ് ചാക്കോ



# ജീവിതം പാഴാക്കുന്ന മഹാവിപത്ത്...

**മാ**താപിതാക്കളുടെ ശാസനകൾ ചെവിക്കൊണ്ടിരുന്ന കാലത്തുനിന്ന് അവർ മക്കളെ ഭയപ്പെട്ട് ജീവിക്കുന്ന കാലഘട്ടത്തിലേക്ക് നാം എത്തിച്ചേർന്നിരിക്കുന്നു. നേരം വൈകി സ്കൂളിൽ നിന്നും വീട്ടിലെത്തുന്ന കൗമാരക്കാരനായ മകനോട് 'നീ എന്തേ വൈകി' എന്നു ചോദിക്കാൻ ധൈര്യമുള്ള മാതാപിതാക്കളുടെ എണ്ണം കുറയുന്നു. ഏതാനും ആഴ്ചകൾക്ക് മുമ്പ് ഒരു പിതാവ് തന്റെ മകന് ഒരു കൗൺസലിംഗ് ആവശ്യമാണെന്ന് അറിയിക്കുകയുണ്ടായി. എന്തെങ്കിലും ചോദിച്ചാൽ അവന് കടുത്ത ദേഷ്യമാണ്. എപ്പോഴും കതകടച്ച് മുറിയിൽ ഇരിപ്പാണ്. മുറിയിൽ എന്താണ് ചെയ്യുന്നതെന്നോ സുഹൃത്തുക്കൾ ആരാണെന്നോ അറിയില്ല. അതിനെക്കുറിച്ച് എന്തെങ്കിലും ചോദിച്ചാൽ പിന്നെ പ്രശ്നമാണ്. അഫാൻ എന്ന ചെറുപ്പക്കാരൻ തിരുവനന്തപുരത്ത് നടത്തിയ കൂട്ടക്കൊലയുടെ പശ്ചാത്തലത്തിൽ 'ഞങ്ങളുടെ വീട്ടിലും അങ്ങനെയൊക്കെ സംഭവിക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു'. ഒരു രക്ഷിതാവ് ഭയത്തോടെ പറഞ്ഞതാണ് ഈ വാക്കുകൾ. എന്തുകൊണ്ട് കൗമാരക്കാർ വീട്ടിലും സ്കൂളിലും പ്രശ്നക്കാരായി തലവേദന സൃഷ്ടിക്കുന്നു?

**1. അക്രമവും പൈശാചികതയും പ്രോത്സാഹിപ്പിക്കുന്ന കലാസൃഷ്ടികൾ:** കുട്ടികളിലും യൗവ്വനക്കാരിലും അക്രമവാസന വളരെ വർധിക്കുന്നു. കയ്യിൽ കിട്ടുന്നത് എന്തും എടുത്ത് അക്രമിക്കുന്ന കൗമാരക്കാരുടെ എണ്ണം ഇന്ന് വളരെ കൂടുതലാണ്. ഈ വർദ്ധന ആശങ്കാജനകമാണ്. ഡിജിറ്റൽ ഉപകരണങ്ങളും ഇന്റർനെറ്റും സുലഭമായി കിട്ടുന്ന ഇക്കാലഘട്ടത്തിൽ കുട്ടികൾ കേൾക്കുന്നതും കാണുന്നതുമായ കാര്യങ്ങൾ യാതൊരു ഫിൽറ്ററിംഗും ഇല്ലാതെ തലച്ചോറിൽ പതിയുകയും കുട്ടികളുടെ സ്വഭാവത്തെ കാര്യമായി സ്വാധീനിക്കുകയും ചെയ്യുന്നു. അതിനാൽ കുട്ടികൾ വായിക്കുന്ന പുസ്തകങ്ങൾ, കാണുന്ന സിനിമകൾ എന്നിവയെക്കുറിച്ച് രക്ഷിതാക്കൾ ബോധവാന്മാരായിരിക്കണം.

1774 ൽ ഗൊയ്ഥെയുടെ 'ദ് സോറോസ് ഓഫ് യങ് വെർതെർ' (The Sorrows of Young Werther) എന്ന നോവൽ പ്രസിദ്ധീകരിച്ചു. ഒരു യുവാവിന് ഒരു സ്ത്രീയോട് പ്രണയം തോന്നുകയും അവരെ വിവാഹം കഴിക്കാൻ കഴിയാത്തതിന്റെ നിരാശയിൽ അയാൾ ജീവനൊടുക്കുകയും ചെയ്തത് ആണ് ഇതിവൃത്തം. ഈ പുസ്തകം പുറത്തിറങ്ങിയതിനു ശേഷം യൂറോപ്പിൽ ആത്മഹത്യകളുടെ നീണ്ട പരമ്പര തന്നെ ഉണ്ടായി. ഇത് 'വെർതെർ എഫക്ട്'

എന്നറിയപ്പെടുന്നു. ഈ പുസ്തകം യൂറോപ്പിൽ പിന്നീട് നിരോധിച്ചു. ഈയിടെ റിലീസ് ചെയ്യുന്ന പല സിനിമകളിലും അക്രമങ്ങളും ബ്ലാക്ക് മാജിക്കും ലഹരിയുടെ ഉപയോഗങ്ങളും ഹീറോയിസം ആയി ചിത്രീകരിക്കുന്നു. ഇത് കാണുന്ന കുട്ടികൾക്ക് ഇതെല്ലാം നോർമലായി തോന്നുന്നു. ക്രൈസ്തവരെയും ബൈബിളിനേയും അപഹസിക്കുന്ന ചിത്രങ്ങളും ധാരാളമായി പുറത്തിറങ്ങുന്നു. ഇവ കാണുന്ന കുട്ടികൾ ഇതിലെ നല്ലതും മോശവും തിരിച്ചറിയാൻ കഴിയാതെ ഇതൊക്കെ സത്യമാണെന്ന് ചിന്തിച്ച് അപ്പാടെ ജീവിതത്തിലേക്ക് പകർത്തുന്നു.

**2. ഹോർമോൺ വ്യതിയാനങ്ങൾ:**

കൗമാരപ്രായം എന്നത് ലൈംഗിക വളർച്ചയിലേക്ക് നീങ്ങുന്ന സമയമാണ്. രാവിലെ ചിരിച്ചു സന്തോഷത്തോടെ എഴുന്നേറ്റു വരുന്ന കുട്ടികൾ ഹോർമോൺ വ്യതിയാനങ്ങളുടെ ഭാഗമായി അല്പ സമയത്തിനുശേഷം ദേഷ്യപ്പെടുന്നതും സങ്കടപ്പെടുന്നതും കാണാറുണ്ട്. മാറിമാറി വരുന്ന ഈ വികാരങ്ങൾ കൗമാരത്തിന്റെ ഒരു പ്രത്യേകതയാണ്. കുട്ടികളുടെ ശരീരത്തിൽ ഉണ്ടാവുന്ന മാറ്റങ്ങളെ അവർക്ക് ബോധ്യപ്പെടുത്തി ഈ വികാരങ്ങളെ എങ്ങനെ കൈകാര്യം ചെയ്യണം എന്ന് പഠിപ്പിച്ചു കൊടുക്കേണ്ടത് അനിവാര്യമാണ്.

**3. സഹാനുഭൂതി ഇല്ലായ്മ:**

ഇന്ന് കുട്ടികൾ നേരിടുന്ന ഒരു വലിയ പ്രശ്നമാണ് സഹാനുഭൂതിയുടെ അഭാവം. ഏതാനും മാസങ്ങൾക്കു മുമ്പ് നടന്ന, വിദ്യാർത്ഥിയായ സിദ്ധാർത്ഥന്റെ മരണം നമ്മെ എല്ലാവരെയും ഞെട്ടിപ്പിച്ചതാണ്. അവനെ ക്രൂരമായി മർദിക്കുന്നതു കണ്ടിട്ടും, കൂട്ടുകാരും ആത്മാർത്ഥസ്നേഹിതർ പോലും കാഴ്ചക്കാരായി നോക്കി നിന്നു. കൂട്ടുകാരൻ മരിക്കുമ്പോഴും അത് നോക്കി നിൽക്കാൻ കഴിയുന്നത് വല്ലാത്ത ഒരു മാനസിക അവസ്ഥയാണ്. വേദനിക്കുന്ന ഒരാളെ കണ്ട് അവനോടു മനസ്സലിയാനോ കരുണ കാണിക്കാനോ കുഞ്ഞുങ്ങൾക്ക് പലപ്പോഴും സാധിക്കാറില്ല. അവിടെയാണ് സഹാനുഭൂതിയുടെ പ്രസക്തി. മറ്റൊരാളുടെ സ്ഥാനത്ത് നിന്ന് അയാൾ പറയുന്ന കാര്യം മനസ്സിലാക്കി പെരുമാറുവാൻ സഹാനുഭൂതി ഉള്ളവർക്കേ കഴിയു. മാതാപിതാക്കൾ ശാസിക്കുമ്പോൾ അവർ എന്തുകൊണ്ടാണ് അങ്ങനെ പറയുന്നതെന്ന് മനസ്സിലാകണമെങ്കിൽ മാതാപിതാക്കളുടെ സ്ഥാനത്തു നിന്നു ചിന്തിച്ചാൽ മാത്രമേ കഴിയൂ. പലപ്പോഴും നമ്മുടെ കുട്ടികൾക്ക് അങ്ങനെ ചിന്തിക്കുവാൻ കഴിയുന്നില്ല. ചെറുപ്പം മുതലേ കുട്ടികളിൽ സഹാനുഭൂതി വളർത്തുവാൻ രക്ഷിതാക്കളും ടീച്ചേഴ്സും പ്രത്യേകം ശ്രദ്ധിക്കുക. ഇല്ലെങ്കിൽ മനസ്സാക്ഷി മരവിച്ച ഒരു കൂട്ടം മനുഷ്യർ മാത്രമേ നമ്മുടെ സമൂഹത്തിൽ ബാക്കിയാവൂ. 'ബർത്ത് ഡേ' പോലുള്ള ദിവസങ്ങളിൽ ആഘോഷങ്ങൾ ഒഴിവാക്കി അനാഥാലയത്തിലോ, നമ്മുടെ സാന്നിധ്യവും സഹായം ആവശ്യവുമുള്ള ഇടങ്ങളിലോ, കുട്ടികളെ കൊണ്ടുപോയി ആളുകളെ സഹായിക്കാൻ പഠിപ്പിക്കുക. ചെറിയ പ്രായത്തിലെ ഈ ശീലം തുടങ്ങിയാൽ മറ്റുള്ളവരുടെ വിഷമങ്ങൾ മനസ്സിലാക്കുവാനും അതുവഴി വലുതാവുമ്പോൾ കാരുണ്യത്തോടെ മറ്റുള്ളവരോട് പെരുമാറുവാനും സാധിക്കും.

**4. കൂട്ടുകെട്ടുകൾ:**

കൗമാര കാലഘട്ടത്തിൽ കുട്ടികൾ മാതാപിതാക്കളെക്കാളധികം പ്രാധാന്യം കൊടുക്കുന്നത് കൂട്ടുകാർക്കാണ്. കൂടുതൽ സമയം കൂട്ടുകാരുമായി ചെലവിടാൻ അവർ ആഗ്രഹിക്കുന്നു. കൂട്ടുകാരുടെ അഭിപ്രായങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്നു. പലപ്പോഴും വീട്ടുകാർ പറയുന്നതിന് നേരെ വിപരീതമായിരിക്കും കൂട്ടുകാർ പറയുന്നത്. ഇത് വീട്ടുകാരുമായി തർക്കത്തിനു കാരണമാകുന്നു. കൂട്ടുകാരിൽ നിന്നുള്ള സമ്മർദ്ദങ്ങളെ അതിജീവിക്കാൻ കുട്ടികൾക്ക് സാധിക്കാറില്ല. കൂട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി ലഹരിയുടെ മായാലോകത്തിലേക്കു ചെന്ന് ചാടാറുള്ളത് ഈ സമയത്താണ്.

അവബോധമാണ് ഒന്നാമത്തെ പരിഹാരമാർഗം. കൗമാര കാലഘട്ടത്തിൽ ആൺകുട്ടിയും പെൺകുട്ടിയും തനിക്കുണ്ടാകുന്ന ശാരീരിക മാനസിക വൈകാരിക മാറ്റങ്ങളെക്കുറിച്ച് നല്ല ബോധ്യം ഉള്ളവർ ആയിരിക്കണം. ഹോർമോൺ മാറ്റങ്ങൾ ഉണ്ടാവുമ്പോഴും ന്യൂറോ കെമിക്കൽ വ്യതിയാനങ്ങൾ സംഭവിക്കുമ്പോഴും അത് എങ്ങനെയാണ് വിചാരത്തെയും പെരുമാറ്റത്തെയും ബാധിക്കുന്നതെന്ന് കുട്ടികൾ അറിഞ്ഞിരിക്കണം. എങ്കിൽ മാത്രമേ ഈ കാലഘട്ടത്തെ നന്നായി കൈകാര്യം ചെയ്യുവാൻ കുട്ടികൾക്ക് കഴിയൂ.

രണ്ടാമതായി സ്വയനിയന്ത്രണമാണ് ആവശ്യം. ശാരീരിക മാനസിക മാറ്റങ്ങളെ മനസ്സിലാക്കിക്കഴിഞ്ഞാൽ അടുത്ത പടിയാണ് വികാരങ്ങളെ നിയന്ത്രിക്കുക എന്നുള്ളത്. ദേഷ്യമോ സങ്കടമോ

ശേഷം പേജ് 20 ▶



ഡോ. സിനി ജോയ്സ് മാത്യു

# പോട്ടെ, സാരമില്ല!

**പോ**ട്ടെ, സാരമില്ല..! ആ വാചകം സാധാരണയായി നമ്മുടെ നാട്ടിൻപുറങ്ങളിൽ പറഞ്ഞു കേൾക്കുന്ന ഒന്നാണ്. കേൾക്കുമ്പോൾ തന്നെ അതിന്റെ ധ്വനി ഹൃദയത്തിന്റെ അഗാധതലങ്ങളെ എവിടെയോ അറിയാതെ സ്പർശിക്കുന്നുണ്ട്! തെറ്റുപറ്റിപ്പോയ ഒരാൾക്ക്, പരാജയപ്പെട്ടു പോയ അഥവാ വീഴ്ച ഭവിച്ച ഒരു മനുഷ്യന്, ആ വാക്കുകൾ പകരുന്ന ഉൾക്കരുത്ത് വലിയതാണ്.

ഇംഗ്ലീഷ് പഴമൊഴി പറയുന്നതു പോലെ To err is human but to forgive is divine 'തെറ്റുകൾ മനുഷ്യ സഹജമാണ്. എന്നാൽ ക്ഷമിക്കുന്നതു ദൈവികമാണ്. തെറ്റു ചെയ്യാത്തവർ ആരും ഈ ഭൂമിയുടെ പരപ്പിൽ ഉണ്ടായിട്ടില്ല; ഒരിക്കൽ പോലും കാലിടറാത്തവർ ആരും ഈ കരയിലൂടെ നടന്നിട്ടുമില്ല. രണ്ടായിരം വർഷങ്ങൾക്കു മുൻപ് ഇവിടെ ജീവിച്ചിരുന്ന യേശു എന്ന ഒരേയൊരു മനുഷ്യൻ ഒഴികെ. തെറ്റുകൾ സ്വാഭാവികമാണെന്ന് പറഞ്ഞ് അതിനെ ന്യായീകരിക്കുകയല്ല; തെറ്റുകാർക്കു പിന്തുണ പാടുകയും അല്ല. ജീവിതത്തിൽ പാളിപ്പോയവരെ അല്പം സഹതാപത്തോടെ, കുറച്ചു കൂടെ ഹൃദയവിശാലതയോടെ, ഒന്നു ചേർത്തുപിടിച്ചാൽ അത് അവരുടെ മടങ്ങിവരവിനുള്ള ഒരു സാധ്യതയാവും എന്ന ഒരു ഓർമ്മപ്പെടുത്തൽ മാത്രം.

നൂറു നന്മ ചെയ്തിട്ട് ജീവിതത്തിൽ എവിടെയോ ഒരിക്കൽ കാലിടറിപ്പോയതിന്റെ പേരിൽ ശേഷിക്കുന്ന കാലം മുഴുവൻ ആരാലും ആശ്വസിപ്പിക്കപ്പെടാതെ ആരോപണ ശരങ്ങളുടെ അഗ്നിയിൽ വെന്തു നീറുന്നവരുണ്ട്... കഷ്ടം..! തിരുവചനത്തിൽ ഇതിനോട് ചേർന്നു നിൽക്കുന്ന ഒട്ടനവധി വായനകളുണ്ട്. പാപിനിയായ സ്ത്രീയോട് 'ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല: പോക, ഇനി പാപം ചെയ്യരുത്' എന്ന വാക്കുകൾ, ക്ഷമയുടെ പ്രത്യക്ഷമായ ഉച്ചാരണമാണ്. പോട്ടെ, സാരമില്ല എന്ന രണ്ടു പദങ്ങളും അതുതന്നെയാണ് വിവക്ഷിക്കുന്നത്. അത് കരുണയുടെയും എല്ലാം മറന്ന് സ്വീകരിക്കുന്നതിന്റെയും പ്രതിഫലനമാണ്. ആ വാക്കുകൾ പാപത്തിൽ തുടരുവാനുള്ള അനുവാദമല്ല. എങ്കിലും അത് അവൾക്ക് നൽകിയ ആത്മധൈര്യം അപാരമാണ്.

യാബോക്കിന്റെ കടവും കടന്ന്, ഭയം തിങ്ങുന്ന മനസ്സും, ഭീതി നിറഞ്ഞ കണ്ണുകളുമായി നടന്നടുക്കുന്ന ചതിയനായ അനുജനോടു ക്ഷമാനിധിയായ യേശാവും, പിതൃസ്വത്തെല്ലാം വിറ്റു തന്നിഷ്ടത്തിനു പോയി മുതലെല്ലാം തുലച്ചു കളഞ്ഞ് സർവ്വവും നഷ്ടപ്പെട്ടവനായി വീട്ടിലേക്കു നടന്നടുക്കുന്ന ഇളയ

പുത്രനോടു അനുകമ്പ നിറഞ്ഞ സമീപനത്തിൽ ആലിംഗനം ചെയ്തു സ്വീകരിക്കുന്ന പിതാവും, പലവട്ടം പിഴച്ച പത്രോസിനോടു ഗുരുനാഥനും പറഞ്ഞത് (നാടൻ ശൈലിയിൽ പറഞ്ഞാൽ) പോട്ടെ, സാരമില്ല... എന്നു തന്നെയല്ലേ? തെറ്റ് ചെയ്തവൻ ശിക്ഷാർഹനാണ്; ആ ശിക്ഷ അവൻ സ്വീകരിച്ചേ പറ്റൂ എന്നു വിധിക്കുന്ന ലോകത്തിലെ ന്യായാസനങ്ങൾക്കു നേരെയും; കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്, കാലിനു പകരം കാല്, കൈക്കു പകരം കൈ, മുറിവിനു പകരം മുറിവ് (പുറപ്പാട് 21: 24 27) എന്നിങ്ങനെ നീളുന്ന പ്രതികാര നിയമങ്ങൾക്കെതിരെയും, ക്രിസ്തു ഉയർത്തുന്നത് ക്ഷമാദാനത്തിന്റെയും കരുണയുടെയും നിയമങ്ങളാണ്. അതല്ലേ ക്രൈസ്തവ മാർഗ്ഗത്തെ ഇതര മാർഗ്ഗങ്ങളേക്കാൾ ശ്രേഷ്ഠമാക്കുന്നതും?

വീഴുന്നവരെ ഒക്കെയും യഹോവ താങ്ങുന്നു കുനിഞ്ഞിരിക്കുന്നവരെ ഒക്കെയും അവൻ നിവർത്തുന്നു (സങ്കീർത്തനം 145:14) എന്ന വാക്യത്തിലും, പുകയുന്ന തിരി കെടുത്തിക്കളയാത്ത, ചതഞ്ഞ ഓട ഒടിച്ചു കളയാത്ത നിത്യചൈതന്യത്തെ കുറിച്ചുള്ള വാഴ്ത്തുപാട്ടിലും ചതഞ്ഞ ഞാങ്ങണ അവൻ ഒടിക്കുകയില്ല, പുകയുന്ന തിരി കെടുത്തിക്കളയുകയുമില്ല. ഇവിടെ പ്രതിഫലിക്കുന്നത് ഇടറി വീണവരെ കരുണയോടെ ചേർത്തുനിർത്തുവാൻ വെമ്പുന്ന ദൈവമനസ്സു തന്നെയാണ്. പരാജിതരോട് അനുകമ്പയും തെറ്റു ചെയ്തവരോട് ക്ഷമയും കാണിക്കുന്ന ഒരു ഹൃദയമാണ് യജമാനൻ നമ്മിൽ പ്രതീക്ഷിക്കുന്നത്.

'ഏഴ് എഴുപതുവട്ടം ക്ഷമിക്കുക' എന്ന ഗുരുമൊഴികൾ നൽകുന്ന പ്രബോധനം നാനൂറ്റിതൊണ്ണൂറ് എന്ന ഗുണനഫലം എത്തുന്നതു വരെ ക്ഷമിച്ച് ആ സംഖ്യ കടന്നാൽ, പ്രതികാര നടപടികൾ തുടങ്ങാമെന്നല്ല, പ്രത്യുത അനന്തമായി ക്ഷമിക്കുക എന്ന സന്ദേശമാണ്. 'നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും. നിങ്ങൾ മനുഷ്യരോടു പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല' (മത്തായി 6 :14) എന്ന മുന്നറിയിപ്പും ഇതിനോടു ചേർത്തു വായിക്കേണ്ടതായിട്ടുണ്ട്.

ക്രിസ്തു പറഞ്ഞ രാജാവിന്റെയും രണ്ടു കടക്കാരുടെയും ഉപമ ഓർക്കുക. അപ്പോൾ പത്രോസ് യേശുവിന്റെ അടുക്കൽവന്ന്, കർ

**ഏഴ് എഴുപതുവട്ടം ക്ഷമിക്കുക എന്ന ഗുരുമൊഴികൾ നൽകുന്ന പ്രബോധനം നാനൂറ്റിതൊണ്ണൂറ് എന്ന ഗുണനഫലം എത്തുന്നതു വരെ ക്ഷമിച്ച് ആ സംഖ്യ കടന്നാൽ, പ്രതികാര നടപടികൾ തുടങ്ങാമെന്നല്ല, പ്രത്യുത അനന്തമായി ക്ഷമിക്കുക എന്ന സന്ദേശമാണ്.**

ത്താവേ, എന്റെ ഒരു സഹോദരനോ സഹോദരിയോ എന്നോട് പാപംചെയ്താൽ ഞാൻ എത്ര തവണ അവരോട് ക്ഷമിക്കണം, ഏഴുതവണ മതിയോ എന്നു ചോദിച്ചു. അതിന് യേശു, ഏഴു പ്രാവശ്യം എന്നല്ല, ഏഴ് എഴുപതുപ്രാവശ്യം എന്ന് ഉത്തരം പറഞ്ഞു. സ്വർഗ്ഗരാജ്യത്തെ, തന്റെ ദാസരുടെ ബാധ്യത തീർക്കാൻ ആഗ്രഹിച്ച ഒരു രാജാവിനോട് ഉപമിക്കാം. ബാധ്യത തീർക്കാൻ ആരംഭിച്ചപ്പോൾ, പതിനായിരം താലന്ത് കടപ്പെട്ടിരിക്കുന്ന ഒരാൾ രാജസന്നിധിയിൽ ഹാജരാക്കപ്പെട്ടു. എന്നാൽ, കടം വീട്ടാനുള്ള പ്രാപ്തി അയാൾക്ക് ഇല്ലാതിരുന്നതിനാൽ, രാജാവ്, അയാൾക്കുള്ള സകലതും വിറ്റ് കടം വീട്ടണമെന്ന ഉത്തരവിട്ടു. എന്നാൽ, ആ ദാസൻ രാജസന്നിധിയിൽ സാഷ്ടാംഗം വീണ്, എന്നോട് കനിവ് തോന്നണമേ, ഞാൻ എല്ലാം അടച്ചുതീർക്കാം എന്ന് യാചിച്ചു. രാജാവിന് ആ ദാസനോട് സഹതാപം തോന്നി, കടം ക്ഷമിച്ച് അയാളെ സ്വതന്ത്രനാക്കി. എന്നാൽ ആ ദാസൻ പോകുമ്പോൾ, അയാൾക്കു നൂറു വെള്ളിക്കാശു മാത്രം കടപ്പെട്ടിരുന്ന ഒരു സഹഭൃത്യനെ കണ്ടു. അയാൾ അയാളുടെ കഴുത്തിനു പിടിച്ചു ഞെരിച്ചുകൊണ്ട് നീ എന്റെ കടം തന്നുതീർക്കുക എന്നു പറഞ്ഞു. ആ സഹഭൃത്യൻ സാഷ്ടാംഗം വീണ്, എനിക്ക് അൽപ്പം അവധി തരണമേ, ഞാൻ മടക്കിത്തന്നുകൊള്ളാം എന്ന് കേണപേക്ഷിച്ചു. എന്നാൽ അയാൾ അതിന് സമ്മതിച്ചില്ല എന്നുമാത്രമല്ല, തനിക്ക് കടപ്പെട്ടിരുന്നത് മുഴുവനും വീട്ടുന്നതുവരെ സഹഭൃത്യനെ കാരാഗൃഹത്തിൽ അടപ്പിക്കുകയും ചെയ്തു. ഈ സംഭവം രാജാവിന്റെ മറ്റുള്ള വേലക്കാർ കണ്ട് വളരെ ദു:ഖിതരായി. അവർ ചെന്ന് സംഭവിച്ചതെല്ലാം

രാജാവിനെ അറിയിച്ചു. രാജാവ് ആ ഭൃത്യനെ വിളിപ്പിച്ചു. 'ദുഷ്ടദാസാ, നിന്റെ അപേക്ഷനിമിത്തം ഞാൻ നിന്റെ സകല കടവും ഇളച്ചുതന്നു. എനിക്കു നിന്നോടു കരുണ തോന്നിയതുപോലെതന്നെ നിനക്കു നിന്റെ സഹഭൃത്യനോടും കരുണ തോന്നേണ്ടതല്ലേ എന്നു ചോദിച്ചു. രാജാവ് കോപിച്ച്, കടം മുഴുവൻ വീട്ടുന്നതുവരെ കഠിനതടവ് വിധിച്ച് അയാളെ കാരാഗൃഹത്തിൽ അടയ്ക്കാൻ ജയിലധികാരികളെ ഏൽപ്പിച്ചു. നിങ്ങൾ ഓരോരുത്തരും നിങ്ങളുടെ സഹോദരങ്ങളോട് ആത്മാർഥമായി ക്ഷമിക്കാതിരുന്നാൽ ഇങ്ങനെയായിരിക്കും എന്റെ സ്വർഗസ്ഥപിതാവ് നിങ്ങളോടും ചെയ്യുന്നത്'. (മത്തായി 18: 21 - 35).

രാജാവ് പതിനായിരം താലന്ത് കടം ഇളച്ചു കൊടുത്ത ദാസൻ, അവനു നൂറു വെള്ളിക്കാശു മാത്രം കടപ്പെട്ടവന്റെ കടം ഇളച്ചു കൊടുക്കാതെ അവനെ കാരാഗൃഹത്തിൽ തള്ളിയപ്പോൾ അതറിഞ്ഞ രാജാവിനുണ്ടായ ഉഗ്രകോപം നാം മറക്കരുത്. എനിക്കു നിന്നോടു കരുണ തോന്നിയതുപോലെ നിനക്കും കൂട്ടുദാസനോടു കരുണ തോന്നേണ്ടതല്ലയോ എന്ന രാജഗർജ്ജനവും തുടർന്നുണ്ടായ പ്രത്യാഘാതങ്ങളും ഓർക്കുക... എന്നോടു 'പോട്ടെ സാരമില്ല' എന്ന് പറഞ്ഞ യജമാനന്റെ കാരുണ്യമോർത്ത് ഞാൻ എന്റെ കടക്കാരനോടും 'പോട്ടെ, സാരമില്ല' എന്ന് പറഞ്ഞേ മതിയാകൂ... അല്ലെങ്കിൽ ദൈവ ക്രോധത്തിന്റെ തീച്ചൂള എന്നെ കാത്തുനിൽക്കുന്നു...തിരുവചനം ഓർമ്മപ്പെടുത്തുന്നു: 'നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ' (എഫേസ്യർ 4:32).

**എന്നോടു 'പോട്ടെ സാരമില്ല' എന്ന് പറഞ്ഞ യജമാനന്റെ കാരുണ്യമോർത്ത് ഞാൻ എന്റെ കടക്കാരനോടും 'പോട്ടെ, സാരമില്ല' എന്ന് പറഞ്ഞേ മതിയാകൂ...**

ദൈവം എനിക്കു നൽകിയ പാപമോചനത്തിന്റെ സാന്ത്വനവും, പരാജയപ്പെട്ട ഇടങ്ങളിൽ എന്നെ ഏറെ ചേർത്തുപിടിച്ച യജമാനന്റെ സ്നേഹവും, കാലിടറിയ ഇടങ്ങളിൽ പഴിചാരാതെ താങ്ങി നിർത്തിയ ആ മഹാകാരുണ്യവും ഓർക്കുമ്പോൾ സഹോദരനോടും 'പോട്ടെ, സാരമില്ല' എന്നല്ലാതെ ഞാൻ മറ്റെന്തുപറയാൻ...? •

17 ജീവിതം പാഴാക്കുന്ന മഹാവിപത്ത്...

അസ്വസ്ഥയോ എന്ത് വികാരമാണെങ്കിലും അത് നന്നായി കൈകാര്യംചെയ്യുന്ന വ്യക്തിയാണ് ജീവിതത്തിൽ വിജയിക്കുക. നന്നായി ദേഷ്യം വരുന്ന സമയത്ത് ആ നെഗറ്റീവ് എനർജി ഉപയോഗപ്രദമായ പോസിറ്റീവ് എനർജിയായി കൈകാര്യം ചെയ്യാൻ കുട്ടികളെ പഠിപ്പിക്കുക. ഉദാഹരണത്തിന് കോപം വന്നിരിക്കുമ്പോൾ ദേഷ്യപ്പെടുകയോ സാധനങ്ങൾ എറിഞ്ഞുടക്കുകയോ ചെയ്യാതെ ഗുണകരമായ മറ്റെന്തെങ്കിലും ചെയ്യുവാൻ ആ സമയം വിനിയോഗിക്കുക. ഉദാഹരണത്തിന് 10 മുതൽ 1 വരെ എണ്ണുകയോ മറ്റെന്തെങ്കിലും നിരീക്ഷിക്കുകയോ ആവാം.

അതുപോലെതന്നെ മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ് സങ്കടവും സംഘർഷവും ഏകാന്തതയും അമിതമായുണ്ടാകുമ്പോൾ ദൈവം തന്ന അനുഗ്രഹങ്ങളെയും നമ്മെ സഹായിച്ചവരെയും നന്ദിയോടെ ഓർക്കുക എന്നത്. എല്ലാ ദിവസവും ഡയറിയിൽ അനുഭവങ്ങൾ കുറിക്കുന്നത് വഴി, എനിക്ക് ആരുമില്ല, ഞാൻ ഒറ്റയ്ക്കാണ്, എന്റെ ജീവിതം ഒരു തോൽവിയാണ് തുടങ്ങി സങ്കടപ്പെടുത്തുന്ന ചിന്തകളിൽ നിന്നും മോചനം ലഭിക്കുവാനും സമ്മർദ്ദങ്ങളെ അതിജീവിക്കുവാനും സാധിക്കും.

**സാമൂഹ്യ ബന്ധങ്ങൾ മെച്ചപ്പെടുത്തുക:**

കുട്ടികൾക്ക് ഫേസ്ബുക്കിലും ഇൻസ്റ്റഗ്രാമിലും ധാരാളം സുഹൃത്തുക്കൾ ഉണ്ടെങ്കിലും ആത്മാർത്ഥമായി അടുത്തറിയുന്ന സുഹൃത്തുക്കളുടെ എണ്ണം വളരെ കുറവാണ്. ഏറ്റവും കുറഞ്ഞത് അയൽവക്കക്കാരുമായെങ്കിലും നല്ല ബന്ധം സ്ഥാപിക്കുക. ബന്ധങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിലൂടെ സാമൂഹിക അവബോധം വർദ്ധിക്കുകയും സമൂഹത്തിനുവേണ്ടി നല്ല കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയും ചെയ്യും. സാമൂഹ്യ നന്മയ്ക്കുതകുന്ന പ്രവർത്തനങ്ങളിൽ സജീവമാകാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. •



ചാൾസ് സ്പർജൻ

# വൃദ്ധരുടെ ആശ്വാസം

***നിങ്ങളുടെ വാർദ്ധക്യകാലം വരെയും, ജരാനരകൾ ബാധിക്കും വരെയും, ഞാൻ മാറ്റമില്ലാത്തവൻ, ഞാനാണ് നിന്നെ സംരക്ഷിക്കുന്നവൻ. ഞാൻ നിന്നെ സൃഷ്ടിച്ചു, ഞാൻ നിന്നെ ചുമക്കും, ഞാൻ നിന്നെ സംരക്ഷിക്കും, ഞാൻ നിന്നെ മോചിപ്പിക്കും (യെശയ്യാവ് 46:4).***

തന്നെ എപ്പോഴെങ്കിലും ദൈവം ഉപേക്ഷിച്ചതായി കണ്ടെത്തിയോ എന്ന് ഏതെങ്കിലും വിശ്വസ്തനും വൃദ്ധനുമായ ഒരു ക്രിസ്ത്യാനിയോട് ചോദിക്കുക. അപ്പോൾ അയാൾ തലയാട്ടി പറയുന്നത് നിങ്ങൾ കേൾക്കും. എനിക്ക് എഴുപത് വർഷം കൂടി ജീവിക്കാൻ ഉണ്ടായിരുന്നെങ്കിൽ, അപ്പോഴും ഞാൻ അവനെ മാത്രം വിശ്വസിക്കുമായിരുന്നു. കാരണം ദൈവം എന്നെ സംരക്ഷിച്ചതുപോലെ മറ്റാരും സംരക്ഷിച്ചിട്ടില്ല. എന്നോടുള്ള തന്റെ ഒരു വാഗ്ദാനവും നിവർത്തിക്കാതിരുന്നിട്ടില്ല. ദൈവം തന്റെ ദാസന്മാരെ അവരുടെ അവസാനകാലങ്ങളിൽ വഹിക്കുകയും സഹായിക്കുകയും ചെയ്യും എന്നുള്ള തിരുവെഴുത്തിന്റെ ഉറപ്പ് ഏവരെയും അത്ഭുതപ്പെടുത്തുന്നതല്ലേ?

വാർദ്ധക്യം എന്നത് അനേകം ഓർമ്മകളുടെ സമയമാണ്. ചെറുപ്പക്കാർ ഇങ്ങനെയുള്ള ഓർമ്മകളെക്കുറിച്ച് സംസാരിക്കുമ്പോൾത്തന്നെ മുഷിയുന്നു. വാർദ്ധക്യത്തിലുള്ളവരുടെ ഓർമ്മയുമായി താരതമ്യപ്പെടുത്തുമ്പോൾ ചെറുപ്പക്കാരുടെ ഓർമ്മയുടെ ചെപ്പിൽ അനുഭവങ്ങളധികമൊന്നും ഉണ്ടാവാൻ വഴിയില്ല. ചെറുപ്പക്കാർ ജീവിച്ച സമയത്തിന്റെ ഇരട്ടി ദൈർഘ്യത്തിലേക്ക്, പ്രായമുള്ളവർ തിരിഞ്ഞുനോക്കുന്നു. വാർദ്ധക്യത്തിലുള്ളവർക്ക് ഇപ്പോഴും പ്രത്യേക ഓർമ്മയുണ്ട്! അവർക്ക് എത്രയെത്ര സന്തോഷങ്ങൾ ഓർമ്മിക്കാൻ കഴിയും! എത്രതവണ അവരുടെ ഹൃദയം ആനന്ദത്താലും അനുഗ്രഹത്താലും മിടിച്ചിട്ടുണ്ട്! എത്ര തവണ അവരുടെ വീട് സമൃദ്ധി കൊണ്ട് സന്തോഷിച്ചിട്ടുണ്ട്! എത്ര വിളവെടുപ്പുകൾ അവർ കണ്ടിട്ടുണ്ട്! എത്രയോ തവണ അവന്റെ കുട്ടികൾ അവന്റെ കാതിൽ ആർത്തുവിളിച്ചു സന്തോഷിച്ചു! എത്രയോ തവണ അവരുടെ കണ്ണുകൾ ആനന്ദത്താൽ തിളങ്ങി! എത്രയോ തവണ അവർ കർത്താവിനൊപ്പം ആത്മീയവിരുന്നു കഴിച്ചിട്ടുണ്ട്! യേശുവുമായുള്ള കൂട്ടായ്മയുടെ കാലഘട്ടങ്ങൾ! എത്രയോ വിശുദ്ധ ശുശ്രൂഷകളിൽ പങ്കെടുത്തു. സീയോൻ ഗാനങ്ങൾ എത്രയോ പാടിയിട്ടുണ്ട്! ഉത്തരം ലഭിച്ച പ്രാർത്ഥനകൾ അവരുടെ ആത്മാവിനെ എത്രയോ സന്തോഷിപ്പിച്ചു!

വാർദ്ധക്യത്തിലുള്ളവർ കടന്നുപോകേണ്ടിവന്ന നിരവധി കഷ്ടപ്പാടുകളെക്കുറിച്ച് ചിന്തിക്കുമ്പോൾ പോലും അവർക്കു പറയാൻ കഴിയുന്നത് ദൈവത്തിന്റെ കരുതലിന്റെ തെളിവായി നന്മയും കരുണയും എന്നെ പിന്തുടർന്നു എന്നത് മാത്രമാണ്. അസഹനീയമായ ദു:ഖങ്ങൾ അവർക്കുണ്ടായി, നിരവധി തവണ മരണത്തിന്റെ വക്കോളം എത്തി, കഷ്ടതയുടെ കിടക്കയിൽ കിടന്നു. എത്രയോ മണിക്കൂർ കഠിനമായ കഷ്ടപ്പാടും വേദനയും! തിരിഞ്ഞുനോക്കു മ്പോൾ വാർദ്ധക്യത്തിലുള്ളവർക്കു പറയാൻ കഴിയും; 'എന്റെ വാർദ്ധക്യം വരെ ദൈവം എന്നെ ചുമന്നു'.

വാർദ്ധക്യത്തിൽ കഴിയുന്നവർ അനേക പ്രലോഭനങ്ങൾ പല തവണ നേരിട്ടവരാണെന്നത് ശ്രദ്ധിക്കുക! സംശയങ്ങളും ഭയങ്ങളുമായി എത്രയെത്ര മാനസിക സംഘർഷങ്ങൾ ഉണ്ടായിട്ടുണ്ട്! പ്രതിസന്ധികളുമായി എത്രയെത്ര ഗുസ്തികൾ! വിശ്വാസം ഉപേക്ഷിക്കാൻ പ്രലോഭനങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്! പക്ഷേ, അവിടെയെല്ലാം ദൈവത്തിന്റെ കാരുണ്യത്താൽ സംരക്ഷിക്കപ്പെട്ടു. സ്വർഗ്ഗീയപാതയിൽ സ്ഥിരോത്സാഹം കാണിക്കാൻ കഴിഞ്ഞു. വീണുപോകാതെ ഇന്നും കൃപയിലും പ്രത്യാശയിലും നിലനിൽക്കുന്നത് 'വാർദ്ധക്യം വരെ ദൈവം അനന്യനായിരുന്നു' എന്നതുകൊണ്ട് മാത്രമാകുന്നു.

വാർദ്ധക്യത്തിലെത്തി നിൽക്കുന്ന വിശുദ്ധന്റെ ജീവിതത്തിലേക്കു നോക്കുമ്പോൾ പരാമർശിക്കേണ്ട ദു:ഖകരമായ ഒരു ചിന്തയുണ്ട്, അതായത് അവർ അനേക പാപങ്ങൾ അറിഞ്ഞും അറിയാതെയും ചെയ്തു! ഇപ്പോൾ തങ്ങളുടെ ജീവിതം എത്ര ശുദ്ധമായിരുന്നാലും, അവർ ഇങ്ങനെ പറയാൻ ബാധ്യസ്ഥരായിരിക്കും. ചെറുപ്പത്തിലും, മധ്യവയസ്സിലും പ്രലോഭനങ്ങൾ എന്നെ ചുറ്റിപ്പറ്റിയപ്പോൾ ഞാൻ എത്രമാത്രം പാപം ചെയ്തു! ദൈവമേ, ഞാൻ വിശുദ്ധനായിരുന്നെങ്കിൽ എന്ന് ആശിച്ച എത്രയോ സന്ദർഭങ്ങൾ!! എത്ര തവണ ദൈവത്തെ ഉപേക്ഷിച്ചിട്ടുണ്ട്! എത്ര തവണ അവനിൽ നിന്ന് അകന്നുപോയിട്ടുണ്ട്! അയ്യോ, എത്ര തവണ ഞാൻ ദൈവത്തെ കോപിപ്പിച്ചിട്ടുണ്ട്! അവനെ അവിശ്വസിക്കാൻ എനിക്ക് ഒരു കാരണവുമില്ലാത്തപ്പോൾ എത്ര തവണ ഞാൻ അവന്റെ വാഗ്ദാനങ്ങളെ സംശയിച്ചിട്ടുണ്ട്! എത്ര തവണ എന്റെ നാവ് എന്റെ ദൈവത്തിനെതിരെ പാപം ചെയ്തിട്ടുണ്ട്! നല്ലതും മികച്ചതുമാണെന്ന് എനിക്കറിയാവുന്ന പലതും ഞാൻ ലംഘിച്ചിട്ടുണ്ട്! ക്രിസ്തുവിന്റെ രക്തത്തിൽ അല്ലാതെ എനിക്ക് ഇപ്പോൾ മറ്റൊരു പ്രതീക്ഷയുമില്ല. ക്രിസ്തുവിന് എന്നെ ഇത്രയും കാലം എങ്ങനെ സംരക്ഷിക്കാൻ കഴിഞ്ഞു എന്ന് എനിക്ക് അത്ഭുതപ്പെടാനേ കഴിയൂ! സത്യമായും എനിക്ക് പറയാൻ കഴിയും: 'വാർദ്ധക്യം വരെ അവൻ അനന്യൻ' തന്നെ.

വാർദ്ധക്യം ഒരു പ്രത്യേകതരം ദൈവിക കരുതലിന്റെ സമയമാണ്. ചെറുപ്പക്കാരെപ്പോലെ വാർദ്ധക്യത്തിലുള്ളവർ പല കാര്യങ്ങളിലും ഉത്കണ്ഠാകുലരല്ല. കാരണം ആശങ്കപ്പെടാൻ അത്രയധികം കാര്യങ്ങളില്ല എന്നത് തന്നെ. പ്രായമായവരുടെ ചിന്ത മറ്റൊരു വഴിക്കായി. മുമ്പത്തേക്കാൾ തന്റെ ശാരീരിക ആരോഗ്യത്തെക്കുറിച്ചു കൂടുതൽ കരുതൽ ഉണ്ട്. അവരുടെ ശരീരം ആടിയുലയാനും വിറയ്ക്കാനും തുടങ്ങിയിരിക്കുന്നു.

ആരോഗ്യവും കഴിവും ഉള്ളപ്പോൾ മാത്രമേ ദൈവം സ്നേഹിക്കുന്നുള്ളൂ എങ്കിൽ ആ ദൈവം എങ്ങനെ ദൈവമാകും? പിണ്ഡാകാരമായിരുന്നപ്പോൾ നമ്മെ ഓരോരുത്തരെയും ദൈവം സ്നേഹിച്ചത് പോലെ തന്നെ, വാർധക്യത്തിലും സ്നേഹിക്കുന്നു. ദൈവത്തിനു വേണ്ടി വളരെക്കുറച്ച് മാത്രമേ ജീവിക്കുവാനും പ്രവർത്തിക്കുവാനും കഴിഞ്ഞിട്ടുള്ളൂ, എങ്കിൽപ്പോലും അവിടുന്ന് വാർദ്ധക്യത്തിലും നമ്മെ സ്നേഹിക്കുന്നു. ശാരീരിക വേദനകൾ പോലും തന്റെ സ്നേഹത്തിന്റെ തെളിവുകൾ മാത്രമാണ്. കാരണം കൂടാരമാകുന്ന ശരീരത്തെ പൊളിച്ചുമാറ്റി ഒരിക്കലും പൊളിച്ചുമാറ്റാൻ കഴിയാത്തവിധം തേജസ്സുള്ള വിധത്തിൽ അത് വീണ്ടും പണിയുകയാണ്.

വാർദ്ധക്യത്തിലും ചെറുപ്പത്തിലെന്നപോലെ ഊർജസ്വലരും കർമ്മനിരതരുമായ വൃദ്ധരുടെ ശ്രദ്ധേയമായ നിരവധി ഉദാഹരണങ്ങളുണ്ട്. എങ്കിലും നല്ല പങ്കാളുകളും തകർന്ന ഹൃദയത്തോടെ നിരാശരായി കഴിയുന്നു. ഓർമ്മിക്കാൻ ആഗ്രഹിക്കുന്ന പലതും അവർ മറക്കുന്നു. എങ്കിലും അവരുടെ ദൈവം നല്ലവനും മാറ്റമില്ലാത്തവനാണെന്നുമുള്ള ഓർമ്മ മാഞ്ഞുപോകാതെ നിലനിൽക്കുന്നു. ഹൃദിസ്ഥമാക്കിയ പല വചനങ്ങളും വിസ്മൃതിയിലായെങ്കിലും ദൈവത്തെക്കുറിച്ചുള്ള ഓർമ്മകൾ മാഞ്ഞുപോകാതെ അവശേഷിച്ചിരിക്കുന്നത് ദൈവം അവരോടൊപ്പം അനന്യനായി ഉള്ളതിനാലാണല്ലോ.

പ്രായമായവരുടെ പ്രത്യേകമായ പ്രവൃത്തിയാണ് വചനത്താൽ മറ്റുള്ളവരെ ആശ്വസിപ്പിക്കു

കയും ധൈര്യപ്പെടുത്തുകയും ചെയ്യുക എന്നത്. എനിക്കറിയാവുന്നിടത്തോളം, യുവാക്കളെ ഉത്സാഹിപ്പിക്കുവാൻ ദയയുള്ള ഒരു വൃദ്ധനെക്കാൾ യോഗ്യനായ മറ്റാരുമില്ല. നിങ്ങൾ പ്രായമായാലും ദൈവം നിങ്ങളെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. ദൈവമാർഗ്ഗത്തിൽ നിന്ന് പിന്മാറരുത്. മറിച്ച് ശുഭഭാവിക്കായി ദൈവത്തിൽ ആശ്രയിക്കുക. കാര്യങ്ങളിൽ ഉത്സാഹമുള്ളവരായിരിക്കുക. ദ്രവ്യാഗ്രഹത്തിലൂടെയും സ്വാർത്ഥജീവിതം നയിക്കുന്നതിലൂടെയും നിങ്ങളുടെ ആത്മാവിനെ വേദനിപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കുക, എന്നിങ്ങനെ വൃദ്ധർ ഉപദേശിക്കുന്നു.

അവസാനമായി, എന്റെ പ്രിയരേ, ഈ വാക്കുകൾ നിങ്ങളുടെ സന്തോഷത്തിനായി എടുക്കുക. ഇന്നത്തെ ചില ചെറുപ്പക്കാരുടെ തിരിച്ചറിവില്ലാത്ത പ്രവൃത്തി നിമിത്തം വിഷാദത്തിൽ മുഴുകാൻ സ്വയം അനുവദിക്കരുത്. അവർ മുറിയുടെ മൂലയിൽ ഇരുന്നു നിങ്ങൾക്കെതിരെ പിറുപിറുക്കുകയും മുറവിളി കൂട്ടുകയും ചെയ്യുന്നു. എന്നാൽ സന്തോഷത്തോടെ അത് സഹിക്കുക, ക്ഷമിക്കുക. അത് കണ്ടിട്ട് ഒരു ക്രിസ്ത്യാനിയാകുന്നത് എത്ര ഭാഗ്യകരമാണെന്ന് ചിലരെങ്കിലും ചിന്തിക്കും. നിങ്ങൾ ദേഷ്യപ്പെടുകയും വിഷമിക്കുകയും ചെയ്യുന്നുവെങ്കിൽ, കർത്താവ് നിങ്ങളെ ഉപേക്ഷിച്ചുവെന്ന് അവർ കരുതും. പുഞ്ചിരിക്കുന്ന മുഖം നിലനിർത്തുക, വാഗ്ദാനം നിറവേറ്റപ്പെട്ടുവെന്ന് അവർ കരുതും. ക്രിസ്തുവിന്റെ മനോഭാവം ഉള്ളവരായിരിക്കുവാൻ ശ്രമിക്കുക. കാരണം ദേഷ്യക്കാരിൽ നിന്ന് കുട്ടികൾ പോലും ഓടിപ്പോകും.

സന്തോഷവാനും ദയയുള്ളവനും ആയ മുത്തച്ഛനെ സ്നേഹിക്കാത്ത ഒരു കുട്ടിയും ലോകത്തിലില്ല. നിങ്ങളുടെ മുഖത്ത് സ്വർഗ്ഗത്തിന്റെ പ്രകാശം ഉണ്ടെങ്കിൽ നിങ്ങൾക്ക് ഞങ്ങളെ സ്വർഗ്ഗത്തിലേക്ക് നയിക്കാൻ കഴിയും എന്നും അവർ ചിന്തിച്ചേക്കാം. മനുഷ്യരുടെ മുമ്പിൽ സന്തോഷത്തോടെ ജീവിക്കുക. അങ്ങനെ, വാർദ്ധക്യം വരെ ദൈവം നിങ്ങളോടൊപ്പമുണ്ടെന്നും നിങ്ങളുടെ ശക്തി ക്ഷയിക്കുമ്പോഴും അവിടുന്ന് നിങ്ങളുടെ സംരക്ഷണമാണെന്നും നിങ്ങളുടെ ജീവിതം തെളിയിക്കും. സർവ്വശക്തനായ ദൈവം വയോജനങ്ങളെ അനുഗ്രഹിക്കട്ടെ! ആമേൻ ●

# ഓർത്തു സന്തോഷിക്കുവാൻ...

**ജീ**വിതം പരാജയമെന്ന് തോന്നിയപ്പോൾ ദൈവം തന്റെ മഹാകരുണയാൽ സഹായിച്ചത് ഓർമ്മയിലുണ്ടല്ലോ? അനവധി കൊടുങ്കാറ്റുകളും പരീക്ഷകളും നേരിടേണ്ടിവന്നപ്പോൾ അവയിൽ നിന്നെല്ലാം കൃപയാൽ ദൈവം മോചിപ്പിച്ചില്ലേ? കാറ്റും കോളും അടങ്ങിയപ്പോൾ കടൽ ശാന്തമായതുപോലെ വലിയ ശാന്തത ഇപ്പോഴനുഭവിക്കുന്നതും ദൈവാനുഗ്രഹം തന്നെയല്ലേ? സന്തോഷകരമായ ദാമ്പത്യത്താൽ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടില്ലേ? ദൈവം എല്ലാ വിധത്തിലും എങ്ങനെയൊക്കെ അനുഗ്രഹിച്ചിരിക്കുന്നുവെന്ന് നിങ്ങൾ കാണുന്നില്ലേ? എന്നിട്ടും നിങ്ങൾ ദൈവത്തിന്റെ വഴികൾ തിരഞ്ഞെടുക്കുവാനും കർത്താവിലേക്ക് തിരിയാനും എന്തുകൊണ്ട് അമാന്തിക്കുന്നു? നിങ്ങളുടെ ഹൃദയം മാത്രം അവിടുത്തേക്ക് എന്തുകൊണ്ട് സമർപ്പിക്കുന്നില്ല? ദൈവം വെറുക്കുന്ന പാപം ഉപേക്ഷിച്ചു അവിടുത്തെ ഹിതം ചെയ്യുവാൻ എന്ത് കൊണ്ട് വിസമ്മതിക്കുന്നു? ജീവൻ നൽകി നിങ്ങളെ സ്നേഹിക്കുന്ന ക്രിസ്തുവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണആത്മാവോടും പൂർണ്ണശക്തിയോടും കൂടി വിശ്വസിച്ച് ആശ്രയിച്ച് അവിടുത്തേക്ക് വേണ്ടി ജീവിക്കുവാൻ എന്തുകൊണ്ട് ഒരുങ്ങുന്നില്ല? നിങ്ങളനുഭവിക്കുന്ന എല്ലാ നന്മകളും ദൈവത്തിന്റെ ദാനമാണെന്നു എപ്പോഴാണു തിരിച്ചറിയുക? ദൈവത്തിന്റെ എല്ലാ ദാനങ്ങളും നിങ്ങളെ മാനസാന്തരത്തിലേക്ക് നയിക്കുവാൻ വേണ്ടിയാണെന്ന് മനസ്സിലാക്കുവാൻ എന്തേ വൈകുന്നു? ക്രിസ്തുവിനായി ജീവിക്കുവാൻ ഇനിയും താമസിക്കേണ്ടതുണ്ടോ? യേശുവിനായി ജീവിക്കുവാൻ ഇനിയും ഒട്ടും അമാന്തിച്ചു കൂടാ. ഇപ്പോഴാകുന്നു രക്ഷാദിവസം, ഇപ്പോഴാകുന്നു സുപ്രസാദകാലം.



സുജ വിനു




# ക്രിസ്തുവിന്റെ വെളിച്ചം എന്നിലും

സകലത്തെയും സൃഷ്ടിച്ച, സർവ്വത്തിന്റെ മേലും അധികാരമുള്ള ദൈവം; തന്റെ സകല മഹത്വവും മാറ്റിവെച്ച്, മനുഷ്യനായി പിറന്നു എന്നത് സമാനതകളില്ലാത്ത അത്ഭുതമാണ്. നിർദ്ദോഷികളും സൽസ്വഭാവികളും പോലും സ്നേഹിക്കപ്പെടാതെ പോകുമ്പോൾ, പാപികളും ദുഷ്ടരുമായവർക്കുവേണ്ടി ആ ദൈവം സ്വന്തം ജീവനെ തന്നു സ്നേഹിച്ചു എന്നത് അതിലേറെ അത്ഭുതകരമാണ്. എന്നാൽ ഇതിലും ഒക്കെ ഏറ്റവും അവിശ്വസനീയമായ അത്ഭുതം, ആ മഹാദൈവം 'നീചമനുഷ്യന്റെ' ഉള്ളിൽ വസിച്ചു കൊണ്ട് തന്റെ സ്വരൂപത്തിലേക്ക് അവരെ അനുരൂപരാക്കുകയും സ്വന്തമഹത്വത്തിൽ പങ്കുകാരാക്കുകയും ചെയ്യുന്നു എന്നുള്ളതാണ്.

താൽക്കാലികവും നിസ്സാരവുമായ ലോകപദവികൾക്ക് വേണ്ടിയുള്ള പോരാട്ടങ്ങൾ ലോകസ്വഭാവമാണ്. നിത്യവും, മഹത്വപൂർണ്ണവുമായ തന്റെ രാജത്വത്തിലേക്ക് മനുഷ്യനെ ഉയർത്തുന്നതാണ് നമ്മുടെ കർത്താവിന്റെ സ്വഭാവം. ലോകസ്വഭാവത്തിനോ ലോകബുദ്ധിക്കോ വ്യവച്ഛേദിച്ച് എടുക്കാൻ കഴിയാത്ത സ്നേഹവും ജ്ഞാനവും ആണ് ദൈവത്തിന്റേത്. എന്നാൽ ഏത് ബുദ്ധിഹീനർക്കും, കർത്താവിൽ വിശ്വസിച്ച് വീണ്ടുംജനനം പ്രാപിച്ചു കഴിയുമ്പോൾ, തന്റെ ഉള്ളിൽ ക്രിയ ചെയ്തുകൊണ്ടിരിക്കുന്ന ദൈവീക ശക്തിയെ അറിയുവാൻ കഴിയും. 'ഹൃദയദൃഷ്ടിയുടെ പ്രകാശനം' സംഭവിക്കുമ്പോൾ, ഓരോരുത്തരും പൗലോസിനെ പോലെ 'ഹാ.. ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ...' എന്ന ആരാധനയിലേക്ക് നയിക്കപ്പെടും.

രക്ഷിക്കപ്പെട്ട ദൈവപൈതലിന്റെ അന്തരംഗത്തിൽ നടക്കുന്ന ഈ പരിവർത്തനങ്ങളാണ് അവന്റെ ഏറ്റവും വലിയ സന്തോഷം. ദൈവമഹത്വത്തിന്റെ ആഴം അളക്കാൻ ആവാത്ത നിറവിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നവർക്കായി അവൻ മുന്നൊരുക്കുന്ന ആനന്ദം. 'എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്' എന്ന് ക്രിസ്തുവും, 'ദൈവം തന്റെ മക്കൾക്കായി ഒരുക്കി വെച്ചിരിക്കുന്നത് ഒരു കണ്ണും കണ്ടിട്ടില്ല...' എന്ന് പൗലോസും, 'കണ്ണുനീരെല്ലാം മാറും' എന്നു യോഹന്നാനും വെളിപ്പെടുത്തുന്ന ആ മഹത്വത്തിന്റെ ഒരു മുൻദർശനം, ഈ ഭൂമിയിൽ സാധ്യമാകുന്നതാണ് ഒരു വിശ്വാസിയുടെ അനുദിന ജീവിതത്തിന്റെ കഷ്ടാനുഭവങ്ങളിൽ ബലം ആയിരിക്കുന്നത്.

പക്ഷേ, ലോകക്ഷണികതകൾക്കടിമപ്പെട്ടു പോയിരിക്കുന്ന നമ്മുടെ കണ്ണുകൾക്ക് പലപ്പോഴും ഈ ദർശനം നഷ്ടപ്പെട്ടു പോകുന്നു. 'വെർച്വൽ റിയാലിറ്റി'യുടെ മാസ്മരികതയിൽ മങ്ങിപ്പോകുന്ന കാഴ്ചയിൽ, ദൈവം സൃഷ്ടിച്ച ഈ പ്രപഞ്ചത്തിന്റെ സൗന്ദര്യം പോലും ആസ്വദിക്കുവാൻ മനുഷ്യന് കഴിയുന്നില്ല. പറഞ്ഞും കേട്ടും ഗൗരവം നഷ്ടപ്പെട്ടു പോയെങ്കിലും 'സ്ക്രീൻ അഡിക്ഷൻ', വിശ്വാസികളെ ദൈവവചനത്തിൽ

നിന്നും, ദൈവിക ദർശനങ്ങളിൽ നിന്നും അകറ്റുന്നതിൽ, വളരെ ജയം നേടിയ ഒരു സാത്താന്യ തന്ത്രം തന്നെയാണ്. വിരൽത്തുമ്പിൽ വിടരുന്ന വിസ്മയലോകംകാട്ടി, ഉയർന്ന ഇടത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി യേശുവിനെ പ്രലോഭിപ്പിച്ച അതേ സാത്താന്യ കൗശലം നമ്മെയും പ്രാലോഭിപ്പിക്കുന്നു.

'കർത്താവായ ക്രിസ്തുവിനെ കാണും മുമ്പേ മരണം കാണുകയില്ല' എന്ന് പരിശുദ്ധാത്മാവിനാൽ അരുളപ്പാട് ഉണ്ടായിരുന്ന ശിമയോൻ, ദരിദ്ര മാതാപിതാക്കളുടെ മകനായി, നിസ്സഹായ ശിശുവായി, ദൈവാലയത്തിൽ വച്ച് യേശുവിനെ കണ്ടുമുട്ടുമ്പോൾ പറയുന്നത്: 'ജാതികൾക്ക് വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ ഇസ്രായേലിന്റെ മഹത്വവുമായി നീ സകലജാതികളുടെ മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണ് കണ്ടുവല്ലോ' എന്നാണ്. ബാഹ്യനേത്രങ്ങളാൽ കാണപ്പെടുന്ന പരിതാപാവസ്ഥയിലും, രക്ഷയുടെ മഹത്വം തെളിയുന്ന അകക്കാഴ്ച. കുരിശിലെ പ്രത്യക്ഷ പരാജയത്തിലും, മഹത്വത്തിന്റെ പ്രത്യാശ ദർശിക്കുന്ന ആന്തരിക തുറവി, അതാണ് ഓരോ വിശ്വാസിയിലും ഉണ്ടാവേണ്ടത്.

വചനത്തിൽ, ക്രിസ്തുവിന്റെ സഞ്ചാരവഴികളിൽ എല്ലാം അവിടുന്ന് സൗഖ്യമാക്കുന്ന രോഗങ്ങളുടെ അനേക ചിത്രങ്ങൾ നമ്മുടെ ശ്രദ്ധയിൽപ്പെടുന്നു. ആത്മതപനത്തിന്റെ, പരിവർത്തനത്തിന്റെ ചിത്രങ്ങൾ, ക്രിസ്തുവിനെ, സമകാലിക വിവരണത്തിൽ കണ്ടെത്തണമെങ്കിൽ ഈ ഉൾക്കാഴ്ചയാണ് ആവശ്യം. ചുങ്കസ്ഥലത്ത് ഇരിക്കുന്ന മത്തായിയുടെ ഭൂതകാലജീവിതം അധികം പരാമർശിക്കപ്പെടുന്നില്ല ബൈബിളിൽ. കർത്താവ് അവനെ വിളിക്കുന്നു, അവൻ ഉടനടി അനുഗമിക്കുന്നു. തൊട്ടടുത്ത ഖണ്ഡികയിൽ 'അവൻ ഭക്ഷണത്തിന് ഇരിക്കുമ്പോൾ വളരെ ചുങ്കക്കാരും പാപികളും വന്നു' എന്നെഴുതിയിരിക്കുന്നതിൽ നിന്ന് പക്ഷേ മത്തായിയുടെ ജീവിതപരിസരം നമുക്ക് വായിച്ചെടുക്കാം.

പാപികൾക്കും ചുങ്കക്കാർക്കും സഹവർത്തത്തി ആയിരുന്ന മത്തായി, ക്രിസ്തുവിനെ കണ്ടുമുട്ടിയതിനുശേഷം, അവന്റെ 'കാഴ്ച'യിൽ ക്രിസ്തു മാത്രമേ ഉള്ളൂ. പ്രവാചകന്മാരാൽ പറയപ്പെട്ട, രക്ഷകനായ ക്രിസ്തു, മശിഹാ ഇവൻ തന്നെ എന്ന ഒറ്റക്കാഴ്ച. അപ്പോസ്തലിക ലേഖനങ്ങളിൽ തെളിയുന്ന 'പുതിയനിയമ അടിസ്ഥാനത്തിലുള്ള പഴയനിയമ കാഴ്ച'. പഴയനിയമം വായിക്കുമ്പോൾ ക്രിസ്തുവിനെ കാണണമെങ്കിൽ 'മൂടുപടം' നീങ്ങി പോകണം എന്ന് പൗലോസും എഴുതിയിട്ടുണ്ടല്ലോ. മത്തായിക്ക് മൂടുപടം മാറി, തെളിഞ്ഞ കാഴ്ച ലഭിക്കുന്നു. ക്രിസ്തു ഏറെ സ്നേഹിച്ച ശിഷ്യൻ എന്ന് സ്വയം വിളിക്കുന്നതിലൂടെ യോഹന്നാനും തന്നിൽ സംഭവിച്ച മാറ്റങ്ങളെ കണ്ടെത്തിയിരുന്നു. തന്നെപ്പോലൊരു പാപിയെ സ്നേഹിക്കുന്ന ദൈവസ്നേഹത്തിന്റെ മഹത്വവും, ആ സ്നേഹം തന്നിൽ വരുത്തുന്ന ശുദ്ധീകരണവും അറിയുന്ന യോഹന്നാനെപ്പോലെ തന്നെ, 'ഇരുൾ ഒട്ടുമില്ലാത്ത' ക്രിസ്തുവിന്റെ പ്രകാശവും, ആ പ്രകാശം തങ്ങളുടെ ഇരുട്ടിനെ മാറ്റുന്നതും കണ്ടറിഞ്ഞവരാകണം മറ്റു ശിഷ്യന്മാരും. ഇന്ന് വിശ്വാസികൾ എന്ന് വിളിക്കപ്പെടുന്നവർക്ക് ഈ ദർശനം ലഭിക്കുന്നുണ്ടോ? 'ദർശനം' എന്നു അവർ വിളിക്കുന്നത് മറ്റ് പലതിനെയും അല്ലേ? തന്റെ മഹത്വത്തിന്റെ തെളിവുകൾ ദൈവം, സൃഷ്ടിയിൽ തന്നെ വെച്ചിട്ടുണ്ട് എന്ന് റോമാലേഖനം പഠിപ്പിക്കുന്നു. പക്ഷേ പ്രപഞ്ച സൗന്ദര്യം പോലും ആസ്വദിക്കാൻ കഴിയാത്തവണ്ണം സാങ്കേതിക ഉപകരണങ്ങളുടെ തടവറയിലാണ് ഇന്ന് ഭൂരിപക്ഷവിശ്വാസികളുടെയും കണ്ണുകൾ; പിന്നെയല്ലേ ഹൃദയദൃഷ്ടി പ്രകാശിക്കപ്പെടുന്നത് !

നമ്മുടെ കാഴ്ചയെ ക്രിസ്തുവിലേക്കും നമ്മിൽ ചെയ്തെടുക്കുന്ന വിശുദ്ധീകരണത്തിലേക്കും തേജസ്കരണത്തിലേക്കും ഏകാഗ്രമാക്കുവാൻ നമുക്ക് കഴിയണം. ക്രിസ്തുവിന്റെ കൃപ, അളവ് കൂടാതെ, ലിംഗഭേദം കൂടാതെ നൽകപ്പെടുന്നു. ശിമ്യോനോടൊപ്പം ഹന്നാ എന്ന പ്രവചകിയും ശിശുവിൽ ക്രിസ്തുവിനെ ദർശിക്കുന്നതും, 'യെരുശലേമിന്റെ വീണ്ടെടുപ്പിനെ കാത്തിരുന്ന എല്ലാവരോടും അവനെക്കുറിച്ച് പ്രസ്താവിച്ചു' എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും യാദൃശ്ചികം അല്ല.

പ്രിയ സഹോദരിമാരെ, ദൈവവചനം എല്ലാവർക്കും സമീപസ്ഥമായിരിക്കുന്നതിനാൽ, ക്രിസ്തുവിനെയും ക്രിസ്തു തന്റെ സ്വരൂപത്തിൽ നമ്മെ ആക്കുന്നതും, അറിയാതിരിക്കാൻ നമുക്ക് ഒഴികഴിവില്ല. ഹൃദയദൃഷ്ടി പ്രകാശിക്കപ്പെടുവാനുള്ള പ്രാർത്ഥനയോടെ, സ്വജീവിതത്തിൽ തെളിയുന്ന ക്രിസ്തുവിനെ അറിയാനും സാക്ഷീകരിക്കാനും നമുക്ക് കഴിയട്ടെ •

## മത്തായിയുടെ സുവിശേഷത്തിലെ ആത്മികമർമ്മങ്ങൾ



ജോയ് എം. തോമസ്

# തന്നെത്താൻ താഴ്ത്തുന്ന മനോഭാവം

*'അനന്തരം യേശു പുരുഷാരത്തോടും തന്റെ ശിഷ്യന്മാരോടും പറഞ്ഞത്: ശാസ്ത്രിമാരും പരീശന്മാരും മോശെയുടെ പീഠത്തിൽ ഇരിക്കുന്നു. ആകയാൽ അവർ നിങ്ങളോടു പറയുന്നതൊക്കെയും പ്രമാണിച്ചു ചെയ്വിൻ; അവരുടെ പ്രവൃത്തികൾപോലെ ചെയ്യരുതുതാനും. അവർ പറയുന്നതല്ലാതെ ചെയ്യുന്നില്ലല്ലോ. അവർ ഘനമുള്ള ചുമടുകളെ കെട്ടി മനുഷ്യരുടെ തോളിൽ വയ്ക്കുന്നു; ഒരു വിരൽകൊണ്ടുപോലും അവയെ തൊടുവാൻ അവർക്കു മനസ്സില്ല. അവർ തങ്ങളുടെ പ്രവൃത്തികൾ എല്ലാം മനുഷ്യർ കാണേണ്ടതിനത്രേ ചെയ്യുന്നത്; തങ്ങളുടെ മന്ത്രപ്പട്ട വീതിയാക്കി തൊങ്ങൽ വലുതാക്കുന്നു. അത്താഴത്തിൽ പ്രധാനസ്ഥലവും പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും മനുഷ്യർ റബ്ബീ എന്നു വിളിക്കുന്നതും അവർക്കു പ്രിയമാകുന്നു. നിങ്ങളോ റബ്ബീ എന്നു പേർ എടുക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു; നിങ്ങളോ എല്ലാവരും സഹോദരന്മാർ. ഭൂമിയിൽ ആരെയും പിതാവ് എന്നു വിളിക്കരുത്; ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവ്, സ്വർഗസ്ഥൻ തന്നെ. നിങ്ങൾ നായകന്മാർ എന്നും പേർ എടുക്കരുത്; ഒരുത്തൻ അത്രേ നിങ്ങളുടെ നായകൻ, ക്രിസ്തു തന്നെ. നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും (മത്തായി 23: 1 - 12).*

ഇസ്രയേലിന്റെ ആത്മികനേതൃ മുൻനിരയിൽ ഉണ്ടായിരുന്നവരാണ് പരീശന്മാരും ശാസ്ത്രിമാരും. അവർ ഉപദേഷ്ടാക്കന്മാരായി മോശെയുടെ പീഠത്തിൽ ഇരിക്കുന്നവരെന്നും അവകാശപ്പെട്ടിരുന്നു. മോശെയുടെ പിൻഗാമികളായി ന്യായപ്രമാണം പഠിപ്പിക്കുവാൻ ഉള്ള അധികാരം തങ്ങളുടേത് എന്നാണ് അവരുടെ വാദം. അവർ ന്യായപ്രമാണം വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും അതുപ്രകാരം ചെയ്യുവാൻ ജനങ്ങളെ നിർബന്ധിക്കുകയും ചെയ്തപ്പോൾ, ഘനമുള്ള ചുമടുകളെ കെട്ടി മനുഷ്യരുടെ തോളിൽ വയ്ക്കുന്ന കഠിനഹൃദയം ഉള്ള ഉപദേഷ്ടാക്കന്മാർ ആയിത്തീർന്നു.

ഘനമുള്ള ചുമടിന് ഏറ്റവും നല്ല ഉദാഹരണമാണ് ശബ്ബത്തിനെക്കുറിച്ചുള്ള അവരുടെ ഉപദേശം. ശബ്ബത്തിൽ രോഗികൾ യേശുവിന്റെ അടുക്കൽ വന്നു സൗഖ്യം പ്രാപിക്കുന്നതിന് അവർ എതിരായിരുന്നു. ശബ്ബത്തിൽ സൗഖ്യം ആക്കുന്നത് ഒരു കുറ്റമായി അവർ വ്യാഖ്യാനിച്ചു. കർത്താവ് അവരോട് രസകരമായ ഒരു ചോദ്യം ചോദിച്ചു. 'നിങ്ങളിൽ ഒരുത്തന് ഒരു ആടുണ്ട് എന്നിരിക്കട്ടെ, അത് ശബ്ബത്തിൽ കുഴിയിൽ വീണാൽ അവൻ അതിനെ പിടിച്ച് കയറ്റുകയില്ലേ?' (മത്തായി 12:11). കർത്താവ് അവരെ കുറിച്ച് പറഞ്ഞത്: അവർ ഘനമുള്ള ചുമടുകൾ കെട്ടി മനുഷ്യരുടെ തോളിൽ വയ്ക്കുന്നു, ഒരു വിരൽ കൊണ്ടുപോലും അവയെ തൊടുവാൻ മനസ്സില്ല. അതായിരുന്നു പരീശന്മാരുടെയും ശാസ്ത്രിമാരുടെയും യഥാർത്ഥ മുഖം.

പുരുഷാരത്തിനും തന്റെ ശിഷ്യന്മാർക്കും, പരീശന്മാരുടെയും ശാസ്ത്രിമാരുടെയും കപടഭക്തി യേശു തുറന്നു കാണിച്ചുകൊടുത്തു. അതവരുടെ തെറ്റായ ജീവിതത്തെ ആരും അനുകരിക്കാതിരി

ക്കുവാൻ ആയിരുന്നു. അവരുടെ ഉപദേശം മോശെ മുഖാന്തരം ദൈവം നൽകിയ ന്യായപ്രമാണത്തിൽ നിന്നും ആയതുകൊണ്ട്, ഉപദേശം കേൾക്കുവാനും സ്വീകരിക്കുവാനും കർത്താവ് പറഞ്ഞു. എന്നാൽ അവരുടെ പ്രവൃത്തി പോലെ ചെയ്യാതിരിക്കുവാനും കർത്താവ് ശിഷ്യന്മാരെ ഓർമ്മിപ്പിച്ചു. ന്യായപ്രമാണം അനുസരിക്കുമ്പോൾ ദൈവത്തെയാണ് അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത്. പരീശന്മാരും ശാസ്ത്രിമാരും ന്യായപ്രമാണം യഥാർത്ഥത്തിൽ അനുസരിച്ചിരുന്നില്ല. അവർ ദൈവത്തെ യഥാർത്ഥത്തിൽ അനുസരിക്കുകയോ ബഹുമാനിക്കുകയും ചെയ്യുന്നില്ല. അവരുടെ ജീവിതം മാതൃകാപരമായിരുന്നില്ല. അതുകൊണ്ട് അവരെ അനുകരിക്കാൻ പാടില്ല.

പരീശന്മാരുടെയും ശാസ്ത്രിമാരുടെയും അമാതൃകകളിൽ ചിലത് കർത്താവ് ചൂണ്ടിക്കാട്ടുന്നു. അതിൽ ഏറ്റവും പ്രധാനം അവർക്ക് ഉദ്ദേശശുദ്ധി ഇല്ല എന്നതാണ്. അവർ തങ്ങളുടെ പ്രവർത്തികൾ എല്ലാം മനുഷ്യർ കാണേണ്ടതിനത്രേ ചെയ്യുന്നത്. ആത്മീയജീവിതത്തിന്റെ അടിത്തറ തന്നെ തെറ്റിയിരിക്കുന്നു. മനുഷ്യരിൽ നിന്നുള്ള അംഗീകാരവും പ്രശംസയും ലക്ഷ്യം വച്ചുകൊണ്ടുള്ള ജീവിതം! എത്ര അബദ്ധമാണ് അവർ ചെയ്തതെന്ന് ചിന്തിക്കുക. 'ദൈവത്തിന്റെ പ്രസാദം' എന്നത് അവരുടെ ചിന്തയിലേ ഇല്ല. നാമും ഈ അബദ്ധം ചെയ്യുന്നവരാണോ എന്ന് സ്വയം പരിശോധിക്കുന്നത് നല്ലതാണ്. പൗലോസിന്റെ ചോദ്യം നമ്മുടെ മനസ്സാക്ഷിയെ സ്പർശിക്കട്ടെ.'ഇപ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നത്, അല്ല ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുവാൻ നോക്കുന്നുവോ? ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസൻ ആയിരിക്കുകയില്ല' (ഗലാത്യർ 1: 10)

പരീശന്മാരും ശാസ്ത്രിമാരും വീതിയുള്ള മന്ത്രപ്പട്ടയും വലിയ തൊങ്ങലും ധരിക്കുന്നു. മന്ത്രപ്പട്ട എന്നത് അവർ കൈകളിൽ ധരിക്കുന്ന ചെറിയ പ്രാർത്ഥനാപ്പെട്ടികളാണ്. അത് തുകൽ കൊണ്ട് നിർമ്മിച്ചതായിരിക്കും. അതിന്റെ അറയിൽ തിരുവെഴുത്തുകളിലുള്ള വാക്യങ്ങൾ കുറിച്ചിട്ടുണ്ടാകും. (Prayer box with scriptures inside). അതുപോലെതന്നെ അവരുടെ അങ്കികളിൽ നീളമുള്ള തൊങ്ങലുകൾ പിടിപ്പിക്കുന്നു. ഇത് മറ്റുള്ളവർ ധരിക്കുന്നതിൽ നിന്നും വ്യത്യസ്തമാണ്. വീതിയുള്ള മന്ത്രപ്പട്ടയും നീളമുള്ള തൊങ്ങലുകളും! ദൈവം സകല ഇസ്രായേൽ ജനത്തിനും കൊടുത്ത കൽപ്പന സംഖ്യാപുസ്തകം 15 : 37 - 40 വരെ നാം കാണുന്നു. 'യഹോവ പിന്നെയും മോശെയോട് അരുളിച്ചെയ്തത്: നീ യിസ്രായേൽമക്കളോടു പറയേണ്ടതെന്തെന്നാൽ: അവർ തലമുറതലമുറയായി വസ്ത്രത്തിന്റെ കോൺതലയ്ക്കു പൊടിപ്പ് ഉണ്ടാക്കുകയും അതിൽ നീലച്ചരടു കെട്ടുകയും വേണം. നിങ്ങൾ യഹോവയുടെ സകല കല്പനകളും ഓർത്ത് അനുസരിക്കേണ്ടതിനും നിങ്ങളുടെ സ്വന്തഹൃദയത്തിനും സ്വന്തകണ്ണിനും തോന്നിയവണ്ണം പരസംഗമായി നടക്കാതിരിക്കേണ്ടതിനും ആ പൊടിപ്പ് ജ്ഞാപകം ആയിരിക്കേണം. നിങ്ങൾ എന്റെ സകല കല്പനകളും ഓർത്ത് അനുസരിച്ച് നിങ്ങളുടെ ദൈവത്തിനു വിശുദ്ധരായിരിക്കേണ്ടതിനു തന്നെ. ഈ വചനപ്രകാരം ആയിരുന്നു എല്ലാവരും മന്ത്രപ്പട്ടയും തൊങ്ങലും ധരിച്ചിരുന്നത്. സകല കല്പനകളും പ്രമാണിച്ച് ദൈവത്തിന് വിശുദ്ധജനം ആയിരിക്കും എന്ന് സാക്ഷിക്കുന്നതിനും, സ്വയം ഓർമ്മപ്പെടുത്തുന്നതിനും ആണ് അപ്രകാരം ചെയ്യുവാൻ ദൈവം തന്റെ ജനത്തോട് കൽപ്പിച്ചത്. ശാസ്ത്രിമാരും പരീശന്മാരും അത് കുറച്ചു കൂടി വീതിയും നീളവും കൂട്ടി എല്ലവർക്കും കാണത്തക്ക നിലയിൽ ധരിച്ചത് അവർ ഭക്തരാണെന്ന് മറ്റുള്ളവരെ ധരിപ്പിക്കുവാൻ വേണ്ടി ആയിരുന്നു. ഇവർ ചെയ്തത് പോലെയുള്ള പ്രവൃത്തികൾ നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകാറുണ്ടോ? മറ്റുള്ളവരുടെ അംഗീകാരവും പ്രശസ്തിയും നേടി എടുക്കുവാനുള്ള പരീക്ഷകൾ നാം ജയിക്കണം. ദൈവത്തിന്റെ പ്രസാദം നേടിയെടുക്കുന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

പരീശന്മാർക്കും ശാസ്ത്രിമാർക്കും ബഹുമാനം വലിയ കാര്യമായിരുന്നു. അതുകൊണ്ട് പള്ളിയിൽ (സിനഗോഗുകളിൽ) മുഖ്യാസനം അവർ ആഗ്രഹിച്ചു. മറ്റുള്ളവരെക്കാൾ ശ്രേഷ്ഠരാണ് എന്ന് സ്വയം അവർ ചിന്തിച്ചു. പ്രത്യേക ഇരിപ്പിടവും, മറ്റുള്ളവരുടെ ബഹുമാനവും അംഗീകാരവും പിടിച്ചടക്കുവാൻ ആഗ്രഹിച്ചു. തന്നെത്താൻ ഉയർത്തുന്ന മനോഭാവമാണ് അവരിൽ ഉണ്ടായിരുന്നത്. കർത്താവ് വ്യക്തമാക്കിയത് ഇവയ്ക്കൊന്നും ദൈവസന്നിധിയിൽ സ്ഥാനമില്ല എന്നാണ്.

പരീശന്മാർക്കും ശാസ്ത്രിമാർക്കും വളരെ

ശേഷം പേജ 30 ▶

യായി മനസ്സിലാക്കാൻ നമുക്ക് വലിയ ശ്രദ്ധ അത്യന്താപേക്ഷിതമാണ്. ശ്രദ്ധയില്ലാതെ വായിച്ചാൽ നമുക്ക് അതിന്റെ യഥാർഥ സന്ദേശം അന്യമായിപ്പോയേക്കാം! വളരെ ശ്രദ്ധയോടെ പഠിക്കേണ്ട ഒരു ഉപമയാണ് ലൂക്കോസ് 18: 1- 6 വരെ നാം കാണുന്നത്.

ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ലാത്ത ഒരു ന്യായാധിപൻ (ലൂക്കോസ് 18: 2). അശരണയായ ഒരു വിധവ (ലൂക്കോസ് 18: 3) ഇവരാണ് ഇക്കഥയിലെ പ്രധാന കഥാപാത്രങ്ങൾ! ഒപ്പം 'പ്രതിയോഗി' കഥയിൽ മറഞ്ഞുകിടക്കുന്നു. തന്നെ വേദനിപ്പിക്കുന്ന പ്രതിയോഗിയോടു പ്രതിക്രിയ നടത്തി രക്ഷിക്കണമേയെന്ന വിധവയുടെ അപേക്ഷ കേൾക്കാൻ അനീതിയുള്ള ന്യായാധിപന് ആദ്യം മനസ്സില്ലായിരുന്നു (ലൂക്കോസ് 18: 4). എന്നാൽ ഒരു മടുപ്പുമില്ലാതെ പുറകെ നടന്നു തന്നെ അസഹ്യപ്പെടുത്തുന്ന വിധവയുടെ അപേക്ഷ ഒടുവിൽ അയാൾക്ക് നിർവഹിച്ചു കൊടുക്കേണ്ടിവന്നു... ആഗ്രഹമുണ്ടായിട്ടല്ല അസഹനീയതകൊണ്ടാണ് അയാളതു ചെയ്തത് (ലൂക്കോസ് 18: 4,5).

ഈ ഉപമ വായിച്ചിട്ട് പലരും ചിന്തിക്കുന്നത് (ചിലർ പ്രസംഗിക്കുന്നതും) ഈ വിധവയെപ്പോലെ നമ്മളും നിരന്തരം നമ്മുടെ ആവശ്യങ്ങൾ ദൈവത്തോട് പറഞ്ഞുകൊണ്ടേയിരുന്നാൽ ദൈവത്തിനു നമ്മെ സഹായിക്കാതിരിക്കാൻ കഴിയില്ല, അതിനാൽ കാര്യം സാധിക്കും വരെയും ദൈവത്തെ വിടാതെ പുറകെ നടന്ന് അപേക്ഷിച്ചുകൊണ്ടേയിരിക്കണം എന്നാണ്. എന്നാൽ, എന്താണ് ഇവിടുത്തെ യഥാർത്ഥ സന്ദേശം? ഇവിടെ നാം വായിക്കുന്നത് 'ഉപമ'യാണെങ്കിലും ഇതു സാധാരണമായ 'ഉപമാന'മല്ല. ഒന്നിനോടൊന്നു സാദൃശ്യം ചെയ്തു പറയുന്നതാണ് സാധാരണ ഉപമ. എന്നാൽ ഇവിടെ യേശു 'അത് അങ്ങനെയാണെങ്കിൽ ഇത് എത്ര അധികം' എന്ന നിലയിലാണ് ഈ ഉപമ പറയുന്നത്. അതായത് ഈ ഉപമയിൽ സമാനതയെക്കാൾ വൈജാത്യത്തിനാണു മുൻതൂക്കം. സാധാരണ ഉദാഹരണത്തിൽ നിന്ന് യേശു മഹനീയമായ (from lesser to greater) ഒരു പാഠം നൽകുന്നു. ഈ ഉപമ ശരിക്കും ഒരു വിപരീതസത്യം ആണു നമുക്കു നൽകുന്നത്.

ഈ ഉപമയിൽ, ദൈവം അനീതിയുള്ള ന്യായാധിപനെപ്പോലെയല്ല എന്നാണ് യേശു പറയുന്നത്; അതുപോലെ നാം അശരണയായ ഈ വിധവയെപ്പോലെയുമല്ല! ഈ ഉപമയിലെ വിപരീതസത്യങ്ങൾ പഠിച്ചാൽ അതു നമുക്ക് പെട്ടെന്നു മനസ്സിലാക്കാം. ഇവിടെ ന്യായാധിപൻ 'അനീതി'യുള്ളവനാണ്. നമ്മുടെ ദൈവം അനീതിയുള്ള ന്യായാധിപനല്ല. ഈ കഥയിൽ വിധവ അനാഥയും അശരണയുമാണ്. എന്നാൽ നാം ഈ വിധവയെപ്പോലെ ആരുമില്ലാത്തവരല്ല. നാം സ്വർഗസ്ഥപിതാവിന്റെ മക്കളാണ്. നമ്മുടെ യാചനകളെ ദൈവം അശരണരുടെ പ്രലപനങ്ങളായല്ല, അരുമമക്കളുടെ കൊഞ്ചലായാണു കേൾക്കുന്നത് (ലൂക്കോസ് 11:13).

**നമ്മുടെ ദൈവം അനീതിയുള്ള ന്യായാധിപനല്ല. ഈ കഥയിൽ വിധവ അനാഥയും അശരണയുമാണ്. എന്നാൽ നാം ഈ വിധവയെപ്പോലെ ആരുമില്ലാത്തവരല്ല. നാം സ്വർഗസ്ഥ പിതാവിന്റെ മക്കളാണ്. നമ്മുടെ യാചനകളെ ദൈവം അശരണരുടെ പ്രലപനങ്ങളായല്ല, അരുമമക്കളുടെ കൊഞ്ചലായാണു കേൾക്കുന്നത്.**

ഇവിടെ വിധവയെ ന്യായാധിപൻ ക്ഷണിച്ചിട്ടു വന്നതല്ല. വിധവ 'ഇടിച്ചുകയറി'ച്ചെല്ലുകയാണ്. എന്നാൽ നമ്മോട് ദൈവം തന്റെ അടുത്തേക്കു പ്രാർത്ഥനയോടെ കടന്നു ചെല്ലുവാൻ ക്ഷണിച്ചിട്ടുണ്ട്. "എന്നെ വിളിച്ചപേക്ഷിക്ക്; ഞാൻ നിനക്ക് ഉത്തരം അരുളും; നീ അറിയാത്ത മഹത്തായും അഗോചരമായും ഉള്ള കാര്യങ്ങളെ ഞാൻ നിന്നെ അറിയിക്കും" (യിരെമ്യാവ് 33:3). നാം ദൈവസന്നിധിയിൽ 'വലിഞ്ഞുകയറിച്ചെല്ലുന്ന ഭിക്ഷുക്കളല്ല' നാം ദൈവസന്നിധിയിൽ ക്ഷണിക്കപ്പെട്ട, സ്വാഗതം ചെയ്യപ്പെട്ട അവന്റെ ജനമാണ്.

ഇവിടെ, ന്യായാധിപതി വിധവയുടെ അപേക്ഷ കേൾക്കാൻ ഒരിക്കലും മനസ്സുവെച്ചില്ല. പുരാതന സമീപ പൂർവരാജ്യങ്ങളിൽ (ancient near east). ഇന്നത്തെപ്പോലെ ന്യായാധിപന്മാർ ഒരു കോടതിക്കെട്ടിടത്തിലിരുന്ന് വാദം കേൾക്കുകയായിരു

ന്നില്ല; പ്രത്യുത, ന്യായാധിപന്മാർ ദേശത്തിന്റെ ഓരോ പ്രവിശ്യകളിലും മാറിമാറി സഞ്ചരിച്ച് ജന സഭകളിൽ ന്യായം തീർക്കുകയായിരുന്നു പതിവ്. മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടികളിലൂടെ പരാതി കേൾക്കുന്ന ഒരു രീതി... ഈ വിധവ ന്യായാധിപൻ പോയ സ്ഥലങ്ങളിലെല്ലാം (ന മ്മുടെ രീതിയിൽ 'തിരുവനന്തപുരം മുതൽ കാസർഗോഡു'വരെ...) പുറകെ നടന്നു പരാതി സമർപ്പിക്കുകയാണ്. അയാൾക്ക് ഈ വിധവയെ എങ്ങനെയെങ്കിലും ഒഴിവാക്കണമെന്നായിരുന്നു ആഗ്രഹം. എന്നാൽ, നമ്മുടെ കർത്താവ് നമ്മെ ഒഴിവാക്കാനല്ല, ചേർത്തുകൊള്ളുവാനാണ് ആഗ്ര ഹിക്കുന്നത്. അന്ധനായ ബർത്തിമായിയുടെ കര ച്ചിൽകേട്ട് യേശു നിശ്ചലനായി നിന്നത് മറന്നു പോകരുത് (മർക്കൊസ് 10: 46-52). രക്തസ്രവ ക്കാരി സ്ത്രീ യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടതേയുള്ളൂ... യേശു അവൾക്കു വേണ്ടി നിന്നു. (മർക്കൊസ് 5: 25-32). നമുക്ക് പിതാവിങ്കലേക്ക് പ്രവേശനം നേടിത്തന്നിരി ക്കുന്നു. തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്ന വർക്കുവേണ്ടി യഹോവയുടെ കണ്ണ് ഭൂമിയിലെല്ലാ ടവും ഊടാടിക്കൊണ്ടിരിക്കുന്നു.

ഈ വിധവയ്ക്ക് പരാതി 'എഴുതിക്കൊടു ക്കാൻ' പോലും ആളില്ലായിരുന്നു. എന്നാൽ നമു ക്കങ്ങനെയല്ല. നമ്മുടെ ബലഹീനതയിൽ വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടതിന് പരിശുദ്ധാത്മാവു നമുക്ക് തുണനിൽക്കുന്നു (റോമർ 8:26). ഈ വിധ വ ന്യായാധിപസഭയിലേക്കാണു ചെല്ലുന്നത്. എന്നാൽ, നമ്മൾ കയറിച്ചെല്ലുന്നത് "കൃപാ സന"ത്തിങ്കലേക്കാണ് (എബ്രായർ 4:14-16). തന്നെയുമല്ല, ഈ വിധവയ്ക്ക് ഒരു വക്കീലില്ലാ യിരുന്നു. എന്നാൽ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ സന്നിധി യിലുണ്ട് (1 യോഹന്നാൻ 2:1). അവൻ നമ്മെ മന സ്സിലാക്കുന്ന, മനസ്സലിവുകാണിക്കുന്ന ഒരു മഹാ പുരോഹിതനാണ് (എബ്രായർ 2:17,18). അനീതി യുള്ള ന്യായാധിപതി മടുത്തിട്ടാണ് വിധവയ്ക്ക് കാര്യങ്ങൾ ചെയ്തുകൊടുത്തത്. നമ്മുടെ കർത്താവ് സന്തോഷത്തോടെ നമുക്ക് കാര്യങ്ങൾ ചെയ്തുതരുന്നു (1 യോഹന്നാൻ 5:14,15).

ഇപ്പറഞ്ഞ കാര്യങ്ങളെല്ലാം ശരിയായിരിക്കു മ്പോഴും ഈ ഉപമയ്ക്കൊടുവിൽ യേശു ചോദി ക്കുന്ന ഒരു ചോദ്യം ഈ ഉപമയുടെ കേന്ദ്രസ ന്ദേശം മനസ്സിലാക്കാൻ നമ്മെ കൂടുതൽ സഹാ യിക്കും: "എന്നാൽ, മനുഷ്യപുത്രൻ വരുമ്പോൾ

**മലീമസമായ ഈ ലോകവ്യവസ്ഥിതിയിൽ വിശ്വാസത്തോടെ ജീവിക്കേണ്ടതിന് നമ്മെ പ്രാപ്തമാക്കുന്ന പ്രാണവായുവാണ് പ്രാർഥന. നിരന്തരമായ ശ്വാസോച്ഛ്വാസം നമുക്ക് എത്ര അനിവാര്യമാണോ, അത്ര തന്നെ അനിവാര്യമാണ് നമുക്ക് ദൈവവുമായുള്ള നിരന്തര സമ്പർക്കവും പ്രാർത്ഥനയും**

അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?" (ലൂക്കോസ് 18: 8). അന്ത്യകാലത്ത് സംഭവിക്കാൻ പോകുന്ന വിശ്വാസത്യാഗത്തിന്റെ ഭീകരതയെ യാണ് ഈ ചോദ്യം വെളിവാക്കുന്നത്. ശരിക്കും 17-ാം അധ്യായത്തിന്റെ പശ്ചാത്തലത്തിൽ വേണം ഈ ഭാഗം നാം വായിക്കുവാൻ. അന്ത്യ കാലത്തിന്റെ വിശദീകരണമാണ് ഈ അധ്യായം മുഴുവൻ. അന്ത്യകാലം നോഹയുടെ കാലംപോ ലെയും ലോത്തിന്റെ കാലം പോലെയുമാകും. വിശ്വസിക്കുന്നവരുടെ എണ്ണം വളരെ ചുരുക്കമാ കും. അങ്ങനെയൊരു വിപരീതപശ്ചാത്തല ത്തിൽ ജീവിക്കുന്ന നമ്മോടുള്ള കർത്താവിന്റെ കല്പനയാണ് മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കുകയെന്നത്. എന്തുകൊണ്ട്? വിഷലി പ്തമായ ഈ സമൂഹത്തിൽ വിശ്വാസത്തിൽ നിലനിൽക്കണമെങ്കിൽ മാർഗമൊന്നേയുള്ളൂ... മടുത്തുപോകാതെ എപ്പോഴും പ്രാർഥിക്കുക. ദൈവവുമായി നിരന്തരസമ്പർക്കത്തിൽ കഴി യുക! മലീമസമായ ഈ ലോകവ്യവസ്ഥിതിയിൽ വിശ്വാസത്തോടെ ജീവിക്കേണ്ടതിന് നമ്മെ പ്രാപ്തമാക്കുന്ന പ്രാണവായുവാണ് പ്രാർഥന. നിരന്തരമായ ശ്വാസോച്ഛ്വാസം നമുക്ക് എത്ര അനിവാര്യമാണോ, അത്രതന്നെ അനിവാര്യമാണ് നമുക്ക് ദൈവവുമായുള്ള നിരന്തര സമ്പർക്കവും പ്രാർഥനയും. നമ്മെ മനസ്സിലാക്കുന്ന കർത്താ വിന്റെ സാമീപ്യം ശ്വാസോച്ഛ്വാസത്തെക്കാൾ അനിവാര്യമാണെന്നു ബോധ്യപ്പെട്ട്, ഈ മലിന ലോകത്തിൽ നമ്മുടെ വിലയേറിയ വിശ്വാസം കുറയാതെ സൂക്ഷിക്കാൻ, പ്രാർഥന ഒരു ജീവി തചര്യയാക്കാൻ, ഓരോരുത്തരെയും ദൈവം സഹായിക്കട്ടെ.

●

പ്രിയമായിരുന്ന മറ്റൊരു കാര്യം ആണ് 'സ്ഥാനപ്പേര്'. റബ്ബി എന്ന് അവരെ വിളിക്കണം എന്ന് അവർ ആഗ്രഹിച്ചു. അവർ ഗുരുക്കന്മാർ ആണെന്നും സാധാരണ ജനങ്ങളെ അവരുടെ ശിഷ്യരായി കാണണമെന്നുമാണ് അവർ ആഗ്രഹിച്ചത്. പരീശന്മാരുടെയും ശാസ്ത്രിമാരുടെയും സ്ഥാനത്തോടും പേരിനോടും ഉള്ള ഭ്രമം കർത്താവിന് അനിഷ്ടമായിരുന്നു. ഈ ദുരാഗ്രഹത്തിൽ നിന്നും ശിഷ്യന്മാർ വിടുതൽ പ്രാപിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. പരീശന്മാരും ശാസ്ത്രിമാരും, അവരുടെ ശിഷ്യന്മാർ അവരെ പിതാവ് എന്ന് വിളിച്ച്, മക്കൾ അപ്പനെ ബഹുമാനിക്കുന്നതുപോലെ ബഹുമാനിക്കണം എന്ന് ആഗ്രഹിച്ചു. അവർ അവരെത്തന്നെ നായകന്മാരാക്കി. ഇത് വലിയ തെറ്റായിരുന്നു. ദൈവത്തിനു മാത്രം അവകാശപ്പെട്ട ബഹുമാനമാണ് അവർ തങ്ങൾക്കായി ആഗ്രഹിച്ചത്. അത് നിഗളമാണ് അഥവാ തന്നെത്താൻ ഉയർത്തുകയാണ്.

കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞു: 'നിങ്ങളോ 'റബ്ബി' എന്ന പേര് എടുക്കരുത്, ഒരുത്തനത്രേ നിങ്ങളുടെ ഗുരു. നിങ്ങളോ എല്ലാവരും സഹോദരന്മാർ. ഭൂമിയിൽ ആരെയും പിതാവ് എന്ന് വിളിക്കരുത് ഒരുത്തനത്രേ നിങ്ങളുടെ പിതാവ്, സ്വർഗ്ഗസ്ഥൻ തന്നെ. നിങ്ങൾ നായകന്മാർ എന്നും പേർ എടുക്കരുത്. ഒരുത്തനത്രേ നിങ്ങളുടെ നായകൻ, ക്രിസ്തു തന്നെ'. കർത്താവിന്റെ ഈ വാക്കുകൾ നാം ഗൗരവമായി സ്വീകരിക്കണം, കർത്താവ് നമ്മിൽ നിന്നും ആഗ്രഹിക്കുന്നത് എന്താണ് എന്ന് അവിടുന്ന് വ്യക്തമാക്കിയിരിക്കുന്നു. സ്ഥാനം, മോഹം, പ്രധാനപ്പെട്ട ഇരിപ്പിടം, സ്ഥാനപ്പേരുകളിൽ വിളിക്കപ്പെടുവാനുള്ള ആഗ്രഹം, ഇവയെല്ലാം വലിയ പരീക്ഷകളാണ്. ഇവയെ നാം കീഴടക്കുന്നുവോ? നാമെല്ലാവരും സഹോദരന്മാർ എന്ന സമത്വ ചിന്ത നമുക്ക് ഉണ്ടോ? മറ്റുള്ളവരെ ബഹുമാനിക്കുന്നവരായി, നാം നമ്മെത്തന്നെ താഴ്ത്തുന്ന മനോഭാവം ഉള്ളവരോ? നമുക്ക് നമ്മെ പരിശോധിച്ചു ക്രമീകരിക്കുവാൻ ഉത്സാഹിക്കാം.

കർത്താവിന്റെ വാക്കുകൾ ശ്രദ്ധിക്കുക: 'നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും. തന്നെത്താൻ താഴ്ത്തുന്നവനെല്ലാം ഉയർത്തപ്പെടും'. കർത്താവ് നമുക്ക് നൽകുന്ന പ്രമാണവും വ്യവസ്ഥകളും ആണിത്. ആത്മീയശുശ്രൂഷയിൽ, സഭയിൽ, സ്ഥാനങ്ങൾ ലഭിച്ചാൽ അത് മറ്റുള്ളവരെ ശുശ്രൂഷിക്കുവാനാണ്. മറ്റുള്ളവരെക്കൊണ്ട് ശുശ്രൂഷിപ്പിക്കുവാനോ, ബഹുമാനം പിടിച്ചുവാങ്ങുവാനോ അല്ല. പ്രത്യുത, ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെന്ന് അവർക്ക് ശുശ്രൂഷ ചെയ്യുവാൻ വേണ്ടിയാണ്. അപ്രകാരം തന്നെത്താൻ താഴ്ത്തുന്നവരെയാണ് കർത്താവ് തന്റെ രാജ്യത്തിൽ മാനിക്കുന്നതും ഉയർത്തുന്നതും. തന്നെത്താൻ താഴ്ത്തുക എന്നത് നാം ബോധപൂർവ്വം ചെയ്യേണ്ടതാണ്. നമ്മുടെ മനസ്സ് പുതുക്കപ്പെടണം, മനോഭാവത്തിന് മാറ്റം വരണം. യേശുക്രിസ്തുവിന്റെ സ്വഭാവത്തോട് നാം അനുരൂപപ്പെട്ടുകൊണ്ടിരിക്കണം. ഇതിന് നാം ഉത്സാഹിച്ചേ പറ്റൂ... •

## വരിസംഖ്യ പുതുക്കുന്നവരുടെ ശ്രദ്ധയ്ക്ക്

ചിലരുടെ വരിസംഖ്യ അവരുടെ സ്നേഹിതരോ ബന്ധുക്കളോ സ്പോൺസർ ചെയ്തതാണ്. അങ്ങനെയുള്ള പലരുടെയും വരിസംഖ്യാകാലാവധി കഴിഞ്ഞിട്ടുണ്ട്. അങ്ങനെയുള്ളവർ വരിസംഖ്യ പുതുക്കി ഈ ശുശ്രൂഷയിൽ പങ്കാളികളാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. പേജ് 31-ൽ ബാങ്ക് സംബന്ധമായ വിശദാംശങ്ങളും QR കോഡും നൽകിയിട്ടുണ്ട്.

ചിലർ വരിസംഖ്യ അടയ്ക്കുമ്പോൾ കുടിശികയുടെ കാലാവധി പരിഗണിക്കാതെ ഒരു വർഷത്തെ തുകയായ 250 രൂപ മാത്രം അടയ്ക്കുന്നു. അപ്പോൾത്തന്നെ രണ്ടോ മൂന്നോ വർഷത്തെ വരിസംഖ്യ കുടിശികയായി അവശേഷിക്കുകയും ചെയ്യുന്നു. ഓഫിസുമായി ബന്ധപ്പെട്ടാൽ നിങ്ങളുടെ വരിസംഖ്യാ കാലാവധി തീർന്ന തീയതിയും കുടിശിക തുകയും അറിയാവുന്നതാണ്.

അഡ്രസിൽ മാറ്റം വരുന്ന പക്ഷം പുതിയ അഡ്രസ് **id** നമ്പർ സഹിതം ആവശ്യമായ തിരുത്തൽ പ്രക്രിയയ്ക്കായി ഓഫീസിൽ അറിയിക്കണം. ഫോൺ: **94 95 43 53 36**

# വയോജനങ്ങളെ അവഗണിക്കരുത്

പ്രായമേറിയ മാതാപിതാക്കൾ മക്കളിൽ നിന്ന് നേരിടുന്ന പീഡനങ്ങളും അവഗണനയും മാധ്യമങ്ങളിൽ കൂടെക്കൂടെ വാർത്ത ആകാറുണ്ട്. ആശുപത്രിയിൽ ചികിത്സയ്ക്കായി പ്രവേശിപ്പിച്ചിട്ട് മക്കൾ 'മുങ്ങുന്നത്' മൂലം വിലപിച്ചു കഴിയുന്ന മാതാപിതാക്കളുടെ, കരളലിയിക്കുന്ന കഥകൾ കഴിഞ്ഞദിവസം പത്രത്തിൽ വന്നത് അതീവ വേദനയോടെയാണ് വായിച്ചത്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളജുകളിലും രോഗം ഭേദമായിട്ടും ഡിസ്ചാർജ് ചെയ്ത് സ്വന്തം വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ മക്കളോ ബന്ധുക്കളോ വരാതെ കഴിഞ്ഞുകൂടുന്ന മാതാപിതാക്കളുടെ എണ്ണം നൂറുകണക്കിനാണ്! പതിനായിരക്കണക്കിനാളുകൾ കൂടുന്ന തീർത്ഥാടന കേന്ദ്രങ്ങളായ പള്ളികളിലും ക്ഷേത്രങ്ങളിലും കുടുംബാംഗങ്ങളോടൊപ്പം യാത്ര ചെയ്ത, പ്രായമേറെ ചെന്ന മാതാവോ പിതാവോ 'കൈവിട്ടു പോയിട്ട്' കുടുംബാംഗങ്ങൾ മാത്രം ഭവനങ്ങളിലേക്ക് മടങ്ങി ചെല്ലുന്ന തന്ത്രങ്ങളും കേരളീയസമൂഹത്തിലും കണ്ട് തുടങ്ങിയിരിക്കുന്നു!

സ്വാർത്ഥതയും നിർഭയത്വവും കൊടുംക്രൂരതയും മുഖമുദ്രയായിരിക്കുന്ന ഇന്നത്തെ തലമുറയിൽ വാർദ്ധക്യവും വയോജനങ്ങൾ അനുഭവിക്കുന്ന പ്രതിസന്ധികളും പലപ്പോഴും സമൂഹവും സഭയും കണ്ടില്ലെന്ന് വയ്ക്കുകയാണ്. ഇവിടെയാണ് ദൈവിക വാഗ്ദാനം നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടത്. 'നിങ്ങളുടെ വാർദ്ധക്യം വരെ ഞാൻ അനന്യൻ തന്നെ, നിങ്ങൾ നരയ്ക്കുവോളം ഞാൻ നിങ്ങളെ ചുമക്കും. ഞാൻ ചെയ്തിരിക്കുന്നു, ഞാൻ വഹിക്കുകയും ഞാൻ ചുമന്നു വിടുവിക്കുകയും ചെയ്യും (യെശയ്യാവ് 46 4). ജീവിത സായാഹ്നത്തിൽ മാരകരോഗങ്ങളും ഏകാന്തതയും അവഗണനയും ഒഴിയാബാധപോലെ നേരിടേണ്ടി വരുന്ന സന്ദർഭത്തിലാണ് വയോജനങ്ങളെ 'ഞാൻ ചുമക്കും ഞാൻ നിങ്ങളെ സംവഹിച്ചു രക്ഷിക്കും' എന്ന് സർവ്വശക്തനായ ദൈവം ഉറപ്പ് നൽകുന്നത്. മുടന്തുള്ളതും മുറിവേറ്റതുമായ ആടിനെ നല്ലയിടയൻ തോളിലേറ്റി ചുമന്നുകൊണ്ടു വരുന്നതു പോലെയാണ് വാസ്തവത്തിൽ പരിക്ഷീണിതരും പരിത്യജിക്കപ്പെട്ടവരുമായ ഓരോ മുതിർന്ന മക്കളെയും സ്വർഗ്ഗീയപിതാവ് ചേർത്തണച്ച് കരം പിടിച്ച് നടത്തുന്നതും ഏറെ വേദനാസമയങ്ങളിൽ തോളിലേറ്റി വഹിക്കുന്നതും.

പ്രായമേറിയ മാതാപിതാക്കളെ ബഹുമാനിച്ച് അവരോടൊപ്പം ജീവിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്ന മക്കളുണ്ടെന്നതും ഓർക്കുന്നു. മുതിർന്നവരുടെ അനുഭവസമ്പത്തും പ്രായോഗിക ജ്ഞാനവും ഇളം തലമുറ ഫോളോ ചെയ്യേണ്ടതാണ്. നന്മ നിറഞ്ഞ മാതാപിതാക്കളാൽ വളർത്തപ്പെടുന്ന മക്കൾ പ്രായം ചെന്നവർക്ക് ഉപാധികളില്ലാതെ സ്നേഹം പകരും എന്നതിന് സംശയമില്ല.

-എംസി

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി
നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.



